# KSSiA NEWS

വ്യവസായ മാസിക

www.kssia.com

kssianews@gmail.com e-magazine

JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION. AUGUST 2026. ₹5.00

VOL. 11 - ISSUE NO. 02 - DATE OF PUBLICATION - 25TH AUGUST, 2026 - REGN. NO. KERBIL/2005/23143 - TOTAL PAGES: 24





### കെ.എസ്.എസ്.ഐ.എ. സോഷ്യൽ സെക്യൂരിറ്റി ഫണ്ട്

# ജീവിതങ്ങൾക്ക് സുരക്ഷ, വ്യവസായത്തിന് കരുത്ത്

KERALA
LIFESCIENCES
INDUSTRIES PARKS (P) LTD
Subsidiary of Kerala State Industrial Development Corporation Limited

BIO CONNECT
CONNECTING SCIENCE TO BUSINESS

# BIO CONNECT 4.0

## KERALA 2026

LIFE SCIENCES INDUSTRIES EXPO & CONCLAVE

**08 & 09**
**OCTOBER 2026**

**HYATT REGENCY**
TRIVANDRUM



YOUR OPPORTUNITY TO BE PART OF **SOMETHING BIGGER.**

**REGISTRATIONS OPEN SOON!**

KERALA STATE INDUSTRIAL DEVELOPMENT CORPORATION LIMITED
www.ksidc.org

Government of Kerala

KSIDC INVEST in KERALA
NATURE PEOPLE INDUSTRY

**THE KERALA STATE SMALL INDUSTRIES ASSOCIATION**
Building No. X/26A, HMT Industrial Estate,
Kalamassery - 683 503. ✆ 94963 60300
kssiastate@gmail.com, www.kssia.com

**STATE OFFICE BEARERS**

**State President**
A. Nizarudeen
Kollam. ✆ 94477 10078
✉ nazwoodind@gmail.com

**General Secretary**
Joseph Paikada
Kannur. ✆ 94972 24422
✉ josephpaikada@gmail.com

**State Vice Presidents**
P. J. Jose
Cochin. ✆ 98460 53553
✉ info@manoramasalescorporation.com

A. Fasiludeen
Trivandrum. ✆ 94007 04000
✉ fthoppil@yahoo.com

A.V. Sunilnath
Kozhikode. ✆ 93497 44145
✉ sunilnath@walkaroogroup.com

**State Treasurer**
Jayakrishnan B.
Idukki. ✆ 94475 30569
✉ jayakrishnantoyo@yahoo.co.in

**State Joint Secretaries**
M.S. Anaz
Alappuzha. ✆ 98470 42743
M.M. Mujeeb Rahiman
Ernakulam. ✆ 94477 36134
Anvar.K.V.
Malappuram. ✆ 93499 35511

**Editorial Board**

**Chief Editor**
S. Salim
Kollam, ✆ 93873 05751
✉ md@unicornplywoods.com

**Members**
A. Nizarudeen ..... ✆ 94477 10078
Joseph Paikada..... ✆ 94972 24422
Rajesh. G ........... ✆ 98957 03837
Anvar K.V. .......... ✆ 93499 35511
Eshaque K........... ✆ 98470 08185
Dr. K.M. Khalid.. ✆ 94460 34576

**Publisher**
A. Nizarudeen
✆ 94477 10078

**Printer**
Rajesh G.
✆ 98957 03837

**Printing, Cover Design & Layout**
Rajsree Industrial Printer,
Edayar. ✆ 0484-2559701, 2558538


## ഉള്ളടക്കം

- **എഡിറ്റോറിയൽ:**
  ഒരുമ - സംഘടനയുടെ ശക്തി ........................ 3
- **പ്രസിഡൻഷ്യൽ റിപ്പോർട്ട്:**
  കെ.എസ്.എസ്.ഐ.എ. സോഷ്യൽ സെക്യൂരിറ്റി ഫണ്ടിൽ അംഗത്വമെടുത്ത് ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾ എല്ലാ കെ.എസ്.എസ്.ഐ.എ. അംഗങ്ങളും പ്രയോജനപ്പെടുത്തുക ..................... 5
- **വോയിസ് ഓഫ് ജനറൽ സെക്രട്ടറി:**
  TReDS സംവിധാനം ഫലപ്രദമായി നടപ്പാക്കണം.......7
- **ജി.എസ്.ടി.:** വ്യാജ ITC ക്ലെയിം: അറിവില്ലായ്മ നിയമത്തിന് മുന്നിൽ ഒഴികഴിവല്ല; ജീവനക്കാർക്കും കടുത്ത ജയിൽ ശിക്ഷ ഉറപ്പ് ................................ 8
- ഏതൊരു സംരംഭത്തിനും വായ്പ എടുക്കാവുന്ന ടി.എഫ്.ആർ........................................................ 11
- ആരോഗ്യ ഇൻഷൂറൻസ് പോളിസി എങ്ങിനെ തിരഞ്ഞെടുക്കാം ..............................................12
- സാങ്കേതിക മാറ്റങ്ങൾക്കൊപ്പം മുന്നോട്ട്: എ.ഐ.- സെമികണ്ടക്ടർ മേഖലകളിൽ ചുവടുറപ്പിച്ച് കേരളം..14
- പാദരക്ഷാ വ്യവസായം - കേരളത്തിൽ .............. 16
- കേരളത്തിലെ ചെറുകിട വ്യവസായങ്ങൾക്ക് ആഗോള അവസരങ്ങളുടെ കവാടം - INMECC .....18
- മുഖ്യമന്ത്രി ശ്രീ. വി.ഡി. സതീശനും വ്യവസായ വകുപ്പ് മന്ത്രി ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിയ്ക്കും KSSIA ഹൃദ്യമായ സ്വീകരണം നല്കി................................ 20

**KSSIA NEWS**
വ്യവസായ മാസിക
www.kssia.com
kssianews@gmail.com e-magazine
Journal of THE KERALA STATE SMALL INDUSTRIES ASSOCIATION - AUGUST 2026 - ₹ 5.00

# എഡിറ്റോറിയൽ

## ഒരുമ - സംഘടനയുടെ ശക്തി



പ്രിയ വ്യവസായ സുഹൃത്തുക്കളെ,

നമ്മുടെ സംഘടനാ ശക്തി, അംഗങ്ങളുടെ വർദ്ധനയും സഹകരണവും ആണ്. നയിക്കാൻ നല്ലൊരു നേതൃനിരയും നമുക്ക് ആവശ്യമാണ്. അതിനായി സന്മനസ്സും സമർപ്പണബോധവും സമയവും ഉള്ളവരെ നാം കണ്ടെത്തേണ്ടതുണ്ട്. ജനാധിപത്യ ക്രമത്തിൽ, വരുന്ന വർഷങ്ങളിലേക്കുള്ള ഭാരവാഹികളെ നമ്മൾ തിരഞ്ഞെടുക്കാൻ ഒരുമ്പെടുകയാണല്ലോ. തെരഞ്ഞെടുപ്പ് നടപടികൾ ഈ മാസം തന്നെ പൂർത്തിയാക്കേണ്ടതുണ്ട്.

പതിനാല് ജില്ലകളിലും നമ്മുടെ വ്യവസായ ഘടകത്തിലെ ഭാരവാഹികളെ തിരഞ്ഞെടുക്കേണ്ടതുണ്ട്. അംഗസംഖ്യയുടെ ആനുപാതിക ക്രമത്തിൽ തെരഞ്ഞെടുക്കപ്പെട്ടു വരുന്ന ജനറൽ കൗൺസിൽ അംഗങ്ങളും ജില്ലാ പ്രസിഡന്റുമാരും ചേർന്നാണല്ലോ നമ്മൾ സ്റ്റേറ്റ് പ്രസിഡന്റിനേയും വൈസ് പ്രസിഡന്റിനേയും സ്റ്റേറ്റ് കമ്മിറ്റിയേയും തിരഞ്ഞെടുക്കുന്നത്. ഈ ജനാധിപത്യ പ്രക്രിയയിൽ, ഏറ്റവും പ്രധാനം ജനറൽ കൗൺസിലിലേക്ക് വിജയിച്ചു വരുന്ന ഏതൊരാൾക്കും സംഘടനയുടെ ഏത് സ്ഥാനത്തേക്കും മത്സരിക്കാം എന്നതാണ്.

കേരളത്തിലെ എം.എസ്.എം.ഇ. മേഖലയിലെ എല്ലാ ഉത്പാദന യൂണിറ്റുകളുടെയും വികസനം ലക്ഷ്യമിട്ടാണ് നമ്മുടെ ഈ സംഘടന പ്രവർത്തിക്കുന്നത്. ഈ പ്രവർത്തനം എല്ലാ യൂണിറ്റുകളുടെയും അല്ലെങ്കിൽ പൊതുവിൽ വ്യവസായത്തിന്റെയും നാടിന്റേയും വികസനത്തെ ഈ സംഘടന ലക്ഷ്യം വയ്ക്കുന്നു. സംഘടനയുടെ അംഗങ്ങൾക്ക് മാത്രമായുള്ള പ്രവർത്തനമല്ല അങ്ങനെ ഒരു പരിമിതിയിൽ ഈ പ്രവർത്തനം ഒതുങ്ങുന്നുമില്ല.

അത്തരം പ്രവർത്തികളുടെ വ്യാപ്തി കൊണ്ടാണ് നമ്മുടെ സംഘടനാ പ്രതിനിധികളെ വ്യവസായവുമായി ബന്ധപ്പെട്ടതും അല്ലാത്തതുമായ 43 കമ്മറ്റികളിൽ സർക്കാർ നിയമനിർദ്ദേശം ചെയ്തത്. കേന്ദ്ര ഗവൺമെന്റിന്റെ, ഡിലേയഡ് പെയ്മെന്റ് പരാതികൾ പരിഹരിക്കാനുള്ള മൈക്രോ സ്മാൾ എന്റർപ്രൈസ് ഫെസിലിറ്റേഷൻ കൗൺസിലിൽ സ്റ്റേറ്റിലേക്ക് നമ്മുടെ സ്റ്റേറ്റ് പ്രസിഡന്റും മൂന്ന് സോണലിലേക്കും വൈസ് പ്രസിഡന്റുമാരുമാണ് പങ്കെടുക്കേണ്ടത്. ഇത്രയും പ്രാതിനിധ്യം സർക്കാർ തന്നത് കേരളത്തിൽ ആകമാനം ഉള്ള നമ്മുടെ പ്രവർത്തനത്തിന്റെ മേന്മ കൊണ്ട് തന്നെയാണ്. ഈ ബോർഡുകൾ ഒരു ക്വാസി ജുഡീഷ്യൽ പവർ ഉള്ളതാണ് എന്ന കാര്യം ഈ പ്രാതിനിധ്യത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നുണ്ട്. ഇതിൽ മാത്രമായി സർക്കാർ പരിഗണനകൾ ചുരുങ്ങുന്നില്ല. നമ്മുടെ സംഘടനയുടെ ആവശ്യകത മനസ്സിലാക്കി സർക്കാർ നമ്മുടെ സംസ്ഥാനത്തിനും ജില്ലകൾക്കും ഗ്രാൻഡ് നൽകുന്നുണ്ട്.

ഇങ്ങനെയുള്ള നേട്ടങ്ങൾ കൈവരിക്കണമെങ്കിൽ നമുക്ക് സംഘടനയെ ബലപ്പെടുത്തിയേ മതിയാകൂ. നമ്മുടെ രാഷ്ട്രീയ നിലപാടെന്നത് ഭരണ, പ്രതിപക്ഷ, രാഷ്ട്രീയ ഭേദങ്ങൾ ഇല്ലാത്ത ഒരു ഉറച്ച കാഴ്ചപ്പാടാണ്. നമ്മുടെ സംഘടന അങ്ങനെ ഒരു നയമാണ് പിന്തുടരുന്നത് പക്ഷാഭേദങ്ങൾ ഇല്ല ഒരേ ഒരു പക്ഷം മാത്രം. അത് വ്യവസായ പക്ഷം മാത്രം. നമ്മുടെ സംഘടനയ്ക്ക് ശക്തിയുണ്ടെങ്കിൽ മാത്രമേ വ്യവസായത്തിലെ പ്രശ്നങ്ങൾ അധികാരങ്ങളിലേക്ക് എത്തേണ്ട സമയത്ത് എത്തിക്കാൻ കഴിയു. അക്കാര്യം പ്രത്യേകം നാം ഓർക്കേണ്ടതും ശ്രദ്ധിക്കേണ്ടതും ആണ്.

നമ്മളിൽ പലരുടെയും പ്രശ്നം സമയമില്ല എന്നതാണ്. സത്യം പറഞ്ഞാൽ സമയത്തെയും സൗകര്യത്തെയും ഒരിക്കലും നമുക്ക് മാറ്റിവെച്ച് പിന്നീട് ഉപയോഗിക്കാൻ കഴിയില്ല. കാലം കടന്നുപോകും മാറ്റങ്ങൾ മാറിക്കൊണ്ടേയിരിക്കും പ്രശ്നങ്ങൾ യഥാസമയം എത്തേണ്ടിടത്ത് എത്തണം അതിനുള്ള സമയവും സൗകര്യവും നാം തന്നെ കണ്ടെത്തിയേ മതിയാകു. ഉള്ള സമയത്ത് കുറച്ചുനേരം വ്യക്തി താൽപര്യങ്ങൾ മാറ്റിവെച്ച് വ്യവസായ വികസനം എന്ന പൊതു താൽപര്യത്തിലേക്ക് വിനിയോഗിക്കാൻ സന്മനസ്സും താല്പര്യവും സമർപ്പണബോധവും ഉള്ളവർ ഭരണാധികാരികൾ ആയി വന്നാൽ നമ്മുടെ സംഘടന ശക്തിപ്പെടും. അതിൽ നമ്മൾ ഓരോരുത്തരും ശ്രദ്ധിക്കുക.അങ്ങനെ ഒരു ടീം ഉണ്ടായി വരാൻ ഇടയാകട്ടെ എന്നാണ് എന്റെ അഭിപ്രായം. അതിനായി നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

**എസ്. സലിം**
**ചീഫ് എഡിറ്റർ**

SINCE 1984®
CHILTON
we innovate

# GET YOUR CHILLER Free! IN 9 MONTHS.




## HEAT PUMP CHILLER

**SAVES 68% POWER**

**CHILLED WATER + FREE HOT WATER**

At the same time

**FACTORIES: KERALA, GUJARAT**

**CORPORATE OFFICE (KERALA)**
5th floor, Chilton Towers, Koonamthai, NH 544, Edapally P.O, Kochi, Kerala, India,
Pincode: 682 024.
Contact: 7994443021

chiltonmktg@chiltonindia.com www.chilton.solutions



# കെ.എസ്.എസ്.ഐ.എ. സോഷ്യൽ സെക്യൂരിറ്റി ഫണ്ടിൽ അംഗത്വമെടുത്ത് ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾ എല്ലാ കെ.എസ്.എസ്.ഐ.എ. അംഗങ്ങളും പ്രയോജനപ്പെടുത്തുക

## പ്രസിഡൻഷ്യൽ റിപ്പോർട്ട്

സംസ്ഥാനത്തിലെ ചെറുകിട വ്യവസായ സംരംഭകരുടെ (MSME) സാമൂഹ്യ സുരക്ഷയ്ക്കായി സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ KSSIA നടപ്പിലാക്കിയ പദ്ധതിയാണ് KSSIA സോഷ്യൽ സെക്യൂരിറ്റി ഫണ്ട്. ചെറുകിട വ്യവസായ സംരംഭകരുടെ ആശ്രിതർക്ക് ആശയും അത്താണിയുമായ ഈ പദ്ധതി ഇന്ത്യയിൽ തന്നെ ആദ്യത്തേതാണ്. കർഷകർ, മറ്റുവിഭാഗ തൊഴിലാളികൾ, വ്യാപാരികൾ തുടങ്ങി എല്ലാ വിഭാഗങ്ങൾക്കും ക്ഷേമ പദ്ധതികളോ മറ്റു ആനുകൂല്യങ്ങളോ സർക്കാർ നല്കിവരുന്നുണ്ട്. എന്നാൽ ചെറുകിട വ്യവസായികൾക്ക് മാത്രം ക്ഷേമ പദ്ധതികളോ മറ്റു സഹായങ്ങളോ ഒന്നും നിലവിലില്ല. അപ്രതീക്ഷിതമായുണ്ടാകുന്ന ഭവിഷത്തുകൾ, ഗുരുതരമായ അപകടങ്ങൾ, മാരകമായ രോഗങ്ങൾ എന്നിവയ്ക്ക് അടിമപ്പെടുന്നവരെയും, മരണം സംഭവിച്ച സംരംഭകരുടെ ആശ്രിതരെയും സഹായിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി.

2007-ൽ ആരംഭിച്ച ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന KSSIA മെമ്പർമാർ അന്തരിച്ചാൽ 10 ലക്ഷം രൂപ അംഗത്തിന്റെ കുടുംബാംഗങ്ങൾക്ക് ധനസഹായമായി അനുവദിക്കും. മാരകമായ അസുഖങ്ങൾ ബാധിച്ച് ചികിത്സ നേരിടുന്നവർക്ക് അശുപത്രി ബില്ലിന്റെ പരമാവധി 2 ലക്ഷം രൂപ വരെ ഈ പദ്ധതിയുടെ വ്യവസ്ഥകൾക്ക് വിധേയമായി നല്കും. 14 ജില്ലകളിൽ നിന്നുള്ള KSSIA അംഗങ്ങൾക്ക് ഈ പദ്ധതിയിൽ അംഗങ്ങളായി ചേരാവുന്നതാണ്. 15500 രൂപയാണ് നിലവിലെ അംഗത്വ ഫീസ്. വർഷംതോറും ഒരു മരണത്തിന് 1000 രൂപ നിരക്കിൽ കോർപ്പസ് ഫണ്ട് അംഗങ്ങളിൽ നിന്നും പിരിക്കുന്നുണ്ട്. ഈ പദ്ധതി ആരംഭിച്ചതിനുശേഷം ഇതുവരെ അന്തരിച്ച 86 അംഗങ്ങളുടെ കുടുംബാംഗങ്ങൾക്കും 10 ലക്ഷം രൂപ വെച്ച് സാമ്പത്തിക സഹായം നല്കിയിട്ടുണ്ട്.



കൂടാതെ മാരകമായ രോഗത്തിനു ചികിത്സ നേടിയവർക്ക് 2 ലക്ഷം രൂപ വരെ 151 - പേർക്ക് ചികിത്സാ സഹായവും നല്കിയിട്ടുണ്ട്. KSSIA യുടെ എല്ലാ അംഗങ്ങളും ഈ പദ്ധതിയുടെ ഭാഗമായിട്ടില്ലെന്നുള്ളത് ഒരു വസ്തുതയാണ്. ഈ പദ്ധതി മൂലം അംഗങ്ങൾക്കുണ്ടാകുന്ന നേട്ടങ്ങളെയും അതിലെ ആനുകൂല്യങ്ങളെയും സംബന്ധിച്ചു ഇതുവരെയും KSSIA അംഗങ്ങൾ മനസ്സിലാക്കിയിട്ടില്ലെന്നുള്ള വസ്തുത KSSIA മനസ്സിലാക്കുന്നു. ഇപ്പോൾ ഇതിലെ അംഗത്വത്തിനുള്ള പ്രായപരിധി 55 - 65 വയസ്സാണ്. റിട്ടയർമെന്റ് പ്രായം 70 വയസ്സാണ്.

ഈ പദ്ധതിയുടെ വ്യവസ്ഥകൾ KSSIA യിലെ എല്ലാ അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും പ്രയോജനം ലഭിക്കത്തക്ക രീതിയിൽ ലഘൂകരിക്കാനും അംഗത്വ ഫീസും, കോർപ്പസ് ഫണ്ടും കുറയ്ക്കാനുമുള്ള നടപടികൾ സ്വീകരിക്കാൻ ഇതിന്റെ ട്രസ്റ്റീസ് അംഗങ്ങൾ ഉദ്ദേശിക്കുന്നു. റിട്ടയർമെന്റ് പ്രായം 70 ൽ നിന്നും 80 വയസ്സായി ഉയർത്താനും ഉദ്ദേശിക്കുന്നുണ്ട്. ഇങ്ങനെ ചെയ്താൽ അസോസിയേഷനിലെ അംഗങ്ങളായി ചേരുന്ന എല്ലാവർക്കും ഇതിന്റെ ആനുകൂല്യവും പ്രയോജനവും ലഭിക്കും. അംഗങ്ങളിൽ നിന്നുള്ള അംഗത്വ ഫീസാണ് ഈ പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ്. ഇതിനു പുറമെ മറ്റു വിധത്തിലുള്ള സാമ്പത്തിക വരുമാനവും ഈ പദ്ധതിയ്ക്ക് ആവശ്യമായിവരും. നിലവിൽ കെ.എസ്.എസ്.എഫ് നിയമാവലി അനുസരിച്ച് സംഭാവന സ്വീകരിക്കാം. കൂടാതെ KSSIA സംസ്ഥാന സംഘടനയും ജില്ലകളും നടത്തുന്ന എക്സിബിഷൻ, സെമിനാറുകൾ, വർക്ക് ഷോപ്പുകൾ, തുടങ്ങിയവയിൽ നിന്നും ലഭിക്കുന്ന സാമ്പത്തിക ലാഭത്തിൽ നിന്നും ഒരു നിശ്ചിത ശതമാനവും, ഈ പദ്ധതിയിലേയ്ക്ക് നല്കണമെന്ന വ്യവസ്ഥയും കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. ഇതിനുവേണ്ടി KSSF ന്റെ നിയമാവലി ഭേദഗതി ചെയ്യേണ്ടതുണ്ട്. KSSIA അംഗങ്ങൾക്കും അവരുടെ ജീവിത പങ്കാളിയ്ക്കും, 18 വയസ്സ് പൂർത്തിയായ മക്കൾക്കും (അവരുടെ താല്പര്യാർത്ഥം) അംഗത്വം നല്കി ഇതിന്റെ ഘടന തന്നെ വിപുലീകരിച്ച് KSSF-ന്റെ പ്രവർത്തന വ്യാപ്തി വിപുലീകരിക്കുന്നതോടൊപ്പം KSSIA യുടെ കെട്ടുറപ്പും അംഗബലവും വർദ്ധിപ്പിക്കുക കൂടിയാണ് ഇതിന്റെ ലക്ഷ്യം. ഈ ലക്ഷ്യം നിറവേറ്റുന്നതിനായി എല്ലാ ജില്ലാ ഭാരവാഹികളും, ജനറൽ കൗൺസിൽ, സംസ്ഥാന കമ്മിറ്റി അംഗങ്ങളും KSSF ഭാരവാഹികളും ഒത്തൊരുമിച്ച് പ്രവർത്തിക്കണമെന്നു സംഘടനയുടെ സംസ്ഥാന പ്രസിഡന്റ് എന്ന നിലയിൽ എല്ലാവരോടും അഭ്യർത്ഥിക്കുന്നു. ■

**എ. നിസാറുദ്ദീൻ**
**സംസ്ഥാന പ്രസിഡന്റ്**








# TReDS സംവിധാനം ഫലപ്രദമായി നടപ്പാക്കണം

## വോയിസ് ഓഫ് ജനറൽ സെക്രട്ടറി

ചെറുകിട വ്യവസായികൾ (MSME) അവരുടെ ഉത്പന്നങ്ങൾ പൊതുമേഖല സ്ഥാപനങ്ങൾക്ക് സപ്ലൈ ചെയ്തു കഴിഞ്ഞാൽ പേയ്മെന്റ് നിശ്ചിത സമയത്തു നല്കാൻ പല പൊതുമേഖല സ്ഥാപനങ്ങളും തയ്യാറാവുന്നില്ല. ഒരു പക്ഷേ സാധനങ്ങളുടെ വില ലഭിക്കാൻ വർഷങ്ങൾ തന്നെ എടുക്കും. ഇതുമൂലം വായ്പകൾപ്പോലും സമയത്തു തിരിച്ചടക്കാനാവാതെ സാമ്പത്തികമായി തകരുന്ന ഒരവസ്ഥ നിലവിലുണ്ട്. MSME-കളുടെ ഈ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് MSME-കളെ സഹായിക്കുന്നതിനായി കേന്ദ്ര സർക്കാർ 2018 - ൽ Trade Receivables Electronic Discounting System (TReD's Platform) പദ്ധതി പ്രഖ്യാപിച്ചത്. സംരംഭകർ സാധനങ്ങൾ സപ്ലൈ ചെയ്തു കഴിഞ്ഞാൽ ഉടനെ തന്നെ സാധനങ്ങളുടെ വില സംരംഭകർക്ക് ധനസഹായ ഏജൻസിയിൽ നിന്നും ലഭിക്കാനും പിന്നീട് സാധനങ്ങൾ വാങ്ങിയ സ്ഥാപനം ധനകാര്യ സ്ഥാപനത്തിനു തുക തിരിച്ചും നല്കുന്ന പദ്ധതിയാണിത്. കേന്ദ്ര സർക്കാർ പദ്ധതിയാണങ്കിലും സംസ്ഥാന സർക്കാരിനും ഈ പദ്ധതി നിയമം മൂലം നടപ്പാക്കാം. വളരെ വൈകിയാണെങ്കിലും സംസ്ഥാന സർക്കാർ ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാർ നടപ്പാക്കിയ നിയമം ഫലപ്രദമായി നടപ്പാക്കാനുള്ള ശ്രമം ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടാകുന്നില്ല. നിയമമനുസരിച്ച് സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ TReDs സംവിധാനത്തിൽക്കൂടി MSME കളിൽ നിന്നും ഉത്പന്നങ്ങൾ വാങ്ങാൻ തയ്യാറാകുന്നില്ല. ഇത് ഗൗരവമായി കണക്കിലെടുത്തു MSME കളിൽ നിന്നും സാധനങ്ങളോ സേവനങ്ങളോ വാങ്ങിക്കുമ്പോൾ അതിന്റെ ഇൻവോയ്സ് പേയ്മെന്റുകൾ TReDS ഡിജിറ്റൽ ഫോം വഴി തന്നെ നടത്തുന്നത് നിർബന്ധമാക്കിക്കൊണ്ട് കേന്ദ്ര സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. സംസ്ഥാനങ്ങൾക്കും അവരുടെ പൊതുമേഖല സ്ഥാപനങ്ങളെ TReDS പ്ലാറ്റ് ഫോമിലേയ്ക്ക് കൊണ്ടുവരാൻ ആവശ്യമായ വ്യവസ്ഥകളും നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അഖിലേന്ത്യ തലത്തിൽ TReDS വഴിയുള്ള ഇൻവോയ്സ് ഡിസ്കൗണ്ടിങ്ങ് തുക 2022-2023 ലെ 40000 കോടി രൂപയിൽ നിന്നും 2025-2026 ആയപ്പോഴേക്കും 3.47 ലക്ഷം കോടിയായി കുത്തനെ ഉയർന്നു. അഖിലേന്ത്യ തലത്തിൽ ഈ TReDS സംവിധാനം എത്രമാത്രം ഫലപ്രദമായി നടപ്പാക്കുന്നതിന്റെ സൂചനയാണ് ഡിസ്കൗണ്ട് തുക വർദ്ധിക്കാൻ കാരണം. ഈ പദ്ധതി കേരളത്തിലും ഫലപ്രദമായി പൊതുമേഖല സ്ഥാപനങ്ങളെക്കൊണ്ട് നടപ്പാക്കാനുള്ള കർക്കശ നിലപാട് സംസ്ഥാന സർക്കാരും സ്വീകരിക്കണം. കേന്ദ്ര സർക്കാർ നടപ്പാക്കിയതുപോലെ ഈ പദ്ധതി നമ്മുടെ സർക്കാരും നടപ്പിലാക്കിയാൽ പ്രവർത്തന മൂലധനം മൂലം ബുദ്ധിമുട്ടുന്ന നിലവിലെ സംരംഭകർക്ക് സാമ്പത്തികമായി വളരെ ആശ്വാസകരമായിരിക്കും. മാത്രമല്ല പുതിയ സംരംഭകരും നിക്ഷേപകരും ഈ മേഖലയിൽ കടന്നുവരാൻ വളരെ സഹായകരമാകും.



**ജോസഫ് പൈകട**
**ജനറൽ സെക്രട്ടറി**




# വ്യാജ ITC ക്ലെയിം: അറിവില്ലായ്മ നിയമത്തിന് മുന്നിൽ ഒഴികഴിവല്ല; ജീവനക്കാർക്കും കടുത്ത ജയിൽ ശിക്ഷ ഉറപ്പ്






**ഡോ. (അഡ്വ.) കെ.എസ്. ഹരിഹരൻ**
B.Com, LLB, MBA, LLM, Phd

ജി. എസ്.ടി. (GST) നിയമങ്ങൾ എത്രത്തോളം കർശനമാണെന്നും, ഒരു ചെറിയ അശ്രദ്ധ പോലും നിയമ നടപടികളിലേക്ക് നയിക്കാമെന്നും ഓർമ്മിപ്പിക്കുന്നതാണ് മുംബൈ സെഷൻസ് കോടതിയുടെ സമീപകാല വിധി. അക്കൗണ്ടന്റ് ആശുതോഷ് പാണ്ഡെയുടെ മുൻകൂർ ജാമ്യാപേക്ഷ തള്ളിയ കോടതി നടപടി, ജി. എസ്. ടി. ചർച്ചകൾക്കാണ് വഴിവെച്ചിരിക്കുന്നത്. ''ഡയറക്ടർ അല്ലാത്തതിനാൽ ഞാൻ രക്ഷപ്പെടും'' എന്ന ധാരണ പൂർണ്ണമായും തെറ്റാണെന്ന് ഈ വിധി വ്യക്തമാക്കുന്നു.

### ശിക്ഷാർഹമായ കുറ്റങ്ങൾ: നിയമ വശങ്ങൾ (Section 132)

CGST നിയമം, 2017-ലെ സെക്ഷൻ 132 (1) പ്രകാരം താഴെ പറയുന്നവ ഗുരുതരമായ കുറ്റ കൃത്യങ്ങളായി കണക്കാക്കപ്പെടുന്നു:

- **വ്യാജ ഇൻവോയ്സ്:** സാധനങ്ങളോ, സേവനങ്ങളോ, യഥാർത്ഥത്തിൽ നൽകാതെ വ്യാജ ഇൻവോയ്സ് അല്ലെങ്കിൽ ബിൽ തയ്യാറാക്കി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് (ITC) തെറ്റായി ഉപയോഗിക്കുകയോ റീഫണ്ട് കൈപ്പറ്റുകയോ ചെയ്യുന്നത്.
- **വഞ്ചനാപരമായ ITC ക്ലെയിം:** വ്യാജ ബില്ലുകൾ ഉപയോഗിച്ചോ, ബില്ലുകൾ ഇല്ലാതെ തന്നെയോ വഞ്ചനാപരമായി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഉപയോഗിക്കുന്നത്.
- **രേഖകളിൽ കൃത്രിമം:** നികുതി വെട്ടിക്കുന്നതിനായി സാമ്പത്തിക കണക്കുകളിൽ കൃത്രിമം കാണിക്കുകയോ, വ്യാജ രേഖകൾ സൃഷ്ടിക്കുകയോ, തെറ്റായ വിവരങ്ങൾ നൽകുകയോ ചെയ്യുന്നത്.

ആശുതോഷ് പാണ്ഡെയുടെ കേസിൽ, ബയർ വെരിഫിക്കേഷൻ, ട്രാൻസ്പോർട്ടേഷൻ രേഖകൾ, സെയിൽസ് റെക്കോർഡുകൾ, OTP അധിഷ്ഠിത GST ഫയലിംഗ് എന്നിവ കൈകാര്യം ചെയ്തത് ഈ വകുപ്പുകളുടെ ലംഘനമായാണ് കോടതി വിലയിരുത്തിയത്.

| തട്ടിപ്പ് തുക | തടവ് ശിക്ഷ | പിഴ |
|---|---|---|
| 1 കോടി മുതൽ 2 കോടി വരെ | 1 വർഷം വരെ | തുകയ്ക്ക് തുല്യമായ പിഴ |
| 2 കോടി മുതൽ 5 കോടി വരെ | 3 വർഷം വരെ | തുകയ്ക്ക് തുല്യമായ പിഴ |
| 5 കോടിക്ക് മുകളിൽ | 5 വർഷം വരെ | തുകയ്ക്ക് തുല്യമായ പിഴ |

### തട്ടിപ്പിന്റെ വ്യാപ്തിയും ശിക്ഷാവിധികളും

തട്ടിപ്പ് നടത്തുന്ന തുകയുടെ അടിസ്ഥാനത്തിലാണ് ജി. എസ്. ടി. നിയമ പ്രകാരം ശിക്ഷ നിശ്ചയിക്കുന്നത്.

പാണ്ഡെയുടെ കേസിൽ 20-30 കോടിയുടെ തട്ടിപ്പാണ് ആരോപിക്കപ്പെട്ടിരിക്കുന്നത്. അതിനാൽ അഞ്ച് വർഷം വരെ തടവ് ലഭിക്കാവുന്ന ഗുരുതരമായ കുറ്റമാണിത്. 5 കോടിക്ക് മുകളിലുള്ള തട്ടിപ്പുകൾ "Cognizable and non-bailable" ആയാണ് കണക്കാക്കുന്നത്; അതായത് പോലീസിന് വാറന്റ് കൂടാതെ തന്നെ അറസ്റ്റ് ചെയ്യാമെന്നും ജാമ്യം ലഭിക്കുക എന്നത് ഏറെ പ്രയാസകരമാണെന്നുമാണ് ഇതിനർത്ഥം.

### ഉത്തരവാദിത്വം ജീവനക്കാരിലേയ്ക്ക്: സെക്ഷൻ 137 - ന്റെ പ്രസക്തി

കമ്പനി കുറ്റം ചെയ്താൽ, ആ സമയത്ത് കമ്പനിയുടെ ബിസിനസ് കാര്യങ്ങൾ നോക്കി നടത്തിയിരുന്ന എല്ലാവരും കുറ്റക്കാരായി കണക്കാക്കപ്പെടും. ഡയറക്ടർ, മാനേജർ, സെക്രട്ടറി അല്ലെങ്കിൽ കമ്പനിയിലെ മറ്റ് ഓഫീസർമാർ (അക്കൗണ്ടന്റ്, ക്ലർക്ക്, GST ഫയലിംഗ് നിർവ്വഹിക്കുന്ന സ്റ്റാഫ് ഉൾപ്പെടെ) എന്നിവരുടെ സമ്മതത്തോടെയോ ഒത്താശയോടെയോ, അല്ലെങ്കിൽ അശ്രദ്ധ മൂലമോ കുറ്റം നടന്നാൽ അവരും തുല്യകുറ്റക്കാരാകുമെന്ന് നിയമം നിഷ്കർഷിക്കുന്നു. "ഞാൻ വെറും ജീവനക്കാരൻ മാത്രമാണ്" എന്ന വാദം നിയമത്തിന് മുന്നിൽ നിലനിൽക്കില്ല. കൂടാതെ സെക്ഷൻ 69 പ്രകാരം, 2 കോടിക്കു മുകളിൽ തട്ടിപ്പ് നടന്നാൽ ജി.എസ്. ടി. കമ്മീഷണറുടെ നിർദ്ദേശ പ്രകാരം ഉദ്യോഗസ്ഥർക്ക് വ്യക്തിയെ നേരിട്ട് അറസ്റ്റ് ചെയ്യാൻ അധികാരമുണ്ട്. ഇത്തരം അറസ്റ്റുകൾക്ക് FIRന്റെ ആവശ്യം പോലുമില്ലെന്നതാണ് ഇതിന്റെ ഗൗരവം.

### ശ്രദ്ധിക്കുക: പാണ്ഡെ കേസ് നൽകുന്ന പാഠങ്ങൾ

1. **OTP തെളിവാണ്:** നിങ്ങളുടെ ഫോണിലേയ്ക്ക് വരുന്ന ജി.എസ്.ടി OTP ഉപയോഗിച്ച് ആരെങ്കിലും വ്യാജ ഫയലിംഗ് നടത്തിയാൽ, നിങ്ങൾ ഒരു ''active participant'' ആണെന്ന് കോടതി കണക്കാക്കും.
2. **''മുതലാളി പറഞ്ഞു'' എന്നത് രക്ഷയാകില്ല:** നിയമവിരുദ്ധമായ നിർദ്ദേശം അനുസരിക്കാൻ നിങ്ങൾക്ക് ബാധ്യതയില്ല; ഒത്താശ ചെയ്താൽ നിങ്ങളും പ്രതിയാകും.
3. **ജാമ്യം ലഭിക്കില്ല:** 5 കോടിക്ക് മുകളിൽ തട്ടിപ്പ് നടന്നാൽ ജാമ്യം ലഭിക്കുന്നത് വളരെ ബുദ്ധിമുട്ടാണ്, ഉടൻ അറസ്റ്റും ഉണ്ടാകാം.
4. **ബാങ്ക് ഇടപാടുകൾ:** സർക്കുലർ ട്രേഡിംഗിനും വ്യാജ E- Way ബില്ലുകൾക്കുമായി ബാങ്ക് അക്കൗണ്ട് ഉപയോഗിച്ചാൽ നിങ്ങൾ കുടുങ്ങും.
5. **രാജിവച്ചാലും രക്ഷയില്ല:** കുറ്റം നടക്കുമ്പോൾ നിങ്ങൾ ജോലിയിൽ ഉണ്ടായിരുന്നെങ്കിൽ, പിന്നീട് രാജിവച്ചാലും കേസ് നിലനിൽക്കും.

### എന്ത് ചെയ്യണം ?

- **ജീവനക്കാർക്കായി:** എഴുതി നൽകാത്ത ഒരു നിർദ്ദേശവും അനുസരിക്കരുത്. സംശയാസ്പദമായ ബില്ലുകൾ തയ്യാറാക്കാൻ ആവശ്യപ്പെട്ടാൽ, HR നോ ഉയർന്ന ഉദ്യോഗസ്ഥനോ ഇ-മെയിൽ അയച്ച് സംശയം രേഖപ്പെടുത്തുക. ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റ് (DSC), GST ലോഗിൻ, OTP എന്നിവ ആർക്കും കൈമാറരുത്.
- **ഉടമകൾക്കായി:** സ്റ്റാഫിന് ജി. എസ്. ടി. നിയമങ്ങളെക്കുറിച്ച് കൃത്യമായ പരിശീലനം നൽകുക. പ്രതിമാസം GSTR-2B-യും പർച്ചേസ് രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുത്തുക (Reconcile) ചെയ്യുന്ന തുൾപ്പെടെയുള്ള ഇന്റേണൽ ഓഡിറ്റ് സംവിധാനങ്ങൾ ശക്തിപ്പെടുത്തുക.

ജി.എസ്.ടി. നിയമം വളരെ കർശനമാണ്. "**അറിഞ്ഞില്ല**" എന്ന ന്യായം കോടതിയിൽ നിലനിൽക്കില്ല. ഒരൊറ്റ തെറ്റായ എൻട്രി പോലും നിങ്ങളുടെ കരിയറിനെയും ജീവിതത്തെയും സാരമായി ബാധിക്കാം. സംശയകരമായ സാഹചര്യങ്ങളിൽ ഒരു ചാർട്ടേഡ് അക്കൗണ്ടന്റിനെയോ ടാക്സ് അഡ്വക്കേറ്റിനെയോ സമീപിച്ച് ഉചിതമായ നിയമോപദേശം തേടുക.■

**അസോസിയേഷൻ ജി.എസ്.റ്റി. & സെൻട്രൽ എക്സൈസ് കമ്മിറ്റി ചെയർമാൻ ആണ് ലേഖകൻ**
**✆ 98462 27555, 79024 43188, 79070 00401**


CERTIFIED
BEST-IN-CLASS
QUALITY
BY CUSTOMERS
DEWTON® LED
GERMANY
Switch to Solar.
Shine Without Limits.
Dewton presents next-generation
solar outdoor lighting built to perform.
Zero Energy Cost • Easy Installation • Eco-Friendly
Solar Lights Range
Gate Lights
Outdoor Wall Washers
Flood Lights
Streetlights
Scan QR code
to visit website
ADVANCED GERMAN TECHNOLOGY
LM-80
Certified LEDs
BIS APPROVED
DOMESTIC LIGHTS I COMMERCIAL LIGHTS I ARCHITECTURAL LIGHTS I INDUSTRIAL LIGHTS
Customer Enquiry: +91 97784 22644 | Project Enquiry: 91 82819 98362 | Email: dewtonled@gmail.com | www.dewtonindia.com
METAL

# ഏതൊരു സംരംഭത്തിനും വായ്പ എടുക്കാവുന്ന ടി.എഫ്.ആർ.



ടി.എസ്. ചന്ദ്രൻ

ഏതൊരു സംരംഭകനും എളുപ്പത്തിൽ വായ്പ എടുക്കാവുന്ന ഒരു പദ്ധതിയാണ് ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് അഥവാ **ടി.എഫ്.ആർ.** വ്യവസായം, വ്യാപാരം, സേവനം തുടങ്ങി സംരംഭം എന്തുമാകട്ടെ എളുപ്പത്തിൽ വായ്പയെടുക്കാൻ കഴിയുന്ന ഒരു മാർഗ്ഗമാണ് **ടി.എഫ്.ആർ.** എത്ര ചെറിയ തുകയും വലിയ തുകയും ഇത് പ്രകാരം നിങ്ങൾക്ക് വായ്പ എടുക്കാം.

### വായ്പ ആനുകൂല്യങ്ങൾ

- നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ ആവശ്യകതയ്ക്ക് അനുസരിച്ച് വായ്പ ലഭിക്കും.
- പുതുസംരംഭത്തിന് ഇത് പ്രകാരം വായ്പക്ക് അപേക്ഷിക്കാം.
- നിലവിലുള്ള സംരംഭം വിപുലീകരിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും വായ്പ ലഭിക്കും.
- വ്യാപാരം, സേവനം, വ്യവസായം എന്നിവയ്ക്കെല്ലാം വായ്പ ലഭിക്കും.
- സമയ വായ്പ (ടേം ലോൺ), പ്രവർത്തന മൂലധന വായ്പ എന്നിവയ്ക്ക് ഒരുമിച്ചും പ്രത്യേകമായും എടുക്കാം.
- ഇതുപ്രകാരം പ്രത്യേക സബ്സിഡി പറയുന്നില്ല. എന്നാൽ ഇ.എസ്.എസ്. പ്രകാരം 15 ശതമാനം മുതൽ 45 ശതമാനം വരെ നിർമ്മാണ സ്ഥാപനങ്ങൾക്ക് സബ്സിഡിക്ക് അർഹതയുണ്ട്.
- ക്രെഡിറ്റ് ഗ്യാരണ്ടി പദ്ധതി പ്രകാരം പ്രത്യേക സെക്യൂരിറ്റി ഇല്ലാതെയും വായ്പ അനുവദിക്കും.
- പത്തുലക്ഷം രൂപയിൽ അധികരിക്കാത്ത നിർമ്മാണ സേവന മൂല്യ വർദ്ധക സംരംഭങ്ങൾക്ക് നാനോ മാർജിൻ മണി ഗ്രാൻഡ് പദ്ധതി പ്രകാരം 30 ശതമാനം മുതൽ 40 ശതമാനം വരെ സബ്സിഡി ലഭിക്കും.
- ഒരു ഭവനം ഒരു സംരംഭം പദ്ധതി പ്രകാരം 10 ലക്ഷം രൂപ വരെയുള്ള എല്ലാ സംരംഭ വായ്പകൾക്കും ആറു ശതമാനം വരെ പലിശ ഇളവ് ലഭിക്കും. ഇത് അഞ്ചു വർഷം തുടർച്ചയായി ലഭിക്കും.

### അർഹത

- ഉദ്യം രജിസ്ട്രേഷൻ ഉള്ള എല്ലാ സംരംഭങ്ങൾക്കും അർഹതയുണ്ട്.
- പ്രായം, വിദ്യാഭ്യാസ യോഗ്യത, വാർഷിക വരുമാനം എന്നീ നിബന്ധനകൾ ഇല്ല.
- സിബിൽ സ്കോർ ബാധകം ആയിരിക്കും.



### സംരംഭകന്റെ വിഹിതം

സമയ വായ്പയ്ക്ക് കുറഞ്ഞത് 20 ശതമാനവും പ്രവർത്തന മൂലധന വായ്പക്ക് 40 ശതമാനവും സംരംഭകന്റെ വിഹിതമായി സാധാരണ കണ്ടെത്തേണ്ടിവരും.

### പലിശ നിരക്ക്

അതത് ബാങ്കുകളുടെ പലിശ നിരക്ക് ആയിരിക്കും ബാധകമായിട്ടുള്ളത്. സാധാരണയായി 8.5 ശതമാനം മുതൽ 12 ശതമാനം വരെ ഇത് വരാറുണ്ട്.

### അപേക്ഷയിലെ നടപടിക്രമങ്ങൾ

ഇതിന് പ്രത്യേകമായ അപേക്ഷ ഫോറങ്ങൾ നിഷ്കർഷിച്ചിട്ടില്ല. സ്ഥിര ആസ്തികൾ സമ്പാദിക്കുന്നതിന് ആവശ്യമായ ക്വട്ടേഷനുകൾ, വിശദമായ പദ്ധതി രൂപരേഖ, ഉദ്യം രജിസ്ട്രേഷൻ, സംരംഭകന്റെ തിരിച്ചറിയൽ രേഖകൾ എന്നിവ ഹാജരാക്കണം. ജില്ലാ വ്യവസായ കേന്ദ്രത്തിലോ താലൂക്ക് വ്യവസായ ഓഫീസുകളിലോ നേരിട്ട് അപേക്ഷ സമർപ്പിക്കാം. കോർപ്പറേഷൻ / മുനിസിപ്പാലിറ്റി / ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിലെ വ്യവസായ വികസന ഓഫീസർ മുഖേനയോ അപേക്ഷ സമർപ്പിക്കാം. പദ്ധതിയുടെ സാങ്കേതിക സാമ്പത്തിക സാധ്യതകൾ പരിശോധിച്ച് വായ്പയ്ക്കായി വ്യവസായ വകുപ്പ് ബാങ്കുകളിലേക്ക് ശുപാർശ ചെയ്യുന്നു. ബാങ്ക് അതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കി വായ്പ അനുവദിക്കുന്നു. വായ്പ കൈപ്പറ്റി സ്ഥാപനം പ്രവർത്തനം ആരംഭിച്ചതിനു ശേഷം സബ്സിഡി ആനുകൂല്യങ്ങൾക്ക് അപേക്ഷിക്കാം. ■

**സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടർ ആണ് ലേഖകൻ.**

# ആരോഗ്യ ഇൻഷൂറൻസ് പോളിസി എങ്ങിനെ തിരഞ്ഞെടുക്കാം



വിശ്വനാഥൻ ഒടാട്ട്

ശരിയായ പോളിസി തിരഞ്ഞെടുക്കുക - ഇതിൽ ഇൻഷൂർ ചെയ്യുന്ന തുക, കവർചെയ്യുന്ന റിസ്കുകൾ, ഇൻഷൂറൻസ് കമ്പനി ഏതെന്നും സേവന നിലവാരം, ക്ലെയിം തീർപ്പാക്കുന്ന സമയ പരിധി, അംഗീകൃത ആശുപത്രി (ക്യാഷ്‌ലെസ് ചികിത്സക്കായി) കളുടെ എണ്ണം എന്നിവ പരിഗണിക്കേണ്ട ഘടകങ്ങളാണ്. വ്യക്തിഗത ഇൻഷൂറൻസ് പോളിസി എടുക്കുന്നതിനു പകരം കുടുംബത്തെ ഇൻഷൂർ ചെയ്യുന്ന ഫാമിലി ഫ്ളോട്ടർ മെഡി ക്ലെയിം എടുക്കുക. ഒരു നിശ്ചിത തുകയ്ക്ക് കുടുംബാംഗങ്ങളെ മുഴുവൻ കവർ ചെയ്യുന്ന പോളിസിയാണിത്. കഴിയുന്നതും മെഡിക്കൽ പരിശോധന ചെയ്തശേഷം ഇൻഷൂർ ചെയ്യുക. കാരണം ഇപ്പോൾ നിലവിലുള്ളതും വരാനിരിക്കുന്നതുമായ അസുഖങ്ങളെകുറിച്ച് അറിവുണ്ടാവുന്നതും ചികിത്സ തുടങ്ങുന്നതിന് ഇത് സഹായകരമായിരിക്കും. മാത്രമല്ല നിലവിലുള്ള അസുഖത്തെ കുറിച്ച് ഇൻഷൂറൻസ് കമ്പനികളുമായി ക്ലെയിം തീർപ്പാക്കുന്നതിൽ തർക്കമുണ്ടാവാതിരിക്കാൻ ഇത് സഹായകരമായിരിക്കും.

മെഡിക്ലെയിം പ്രപ്പോസൽ ഫോമിൽ ചോദിക്കുന്ന എല്ലാകാര്യങ്ങളും ശരിയായി മറുപടി നൽകുക. നിലവിൽ അസുഖങ്ങൾ ഉണ്ടെങ്കിൽ അത് കൃത്യമായും വ്യക്തമായും എഴുതുകയും വേണം. ഇൻഷൂർ ചെയ്യുന്നവരുടെ പ്രായം, ജനനതീയ്യതി എന്നിവയും ശരിയാണെന്ന് ഉറപ്പുവരുത്തുക. പോളിസി ലഭ്യമായാൽ അതിൽ കൊടുത്തിരിക്കുന്ന കാര്യങ്ങൾ പ്രൊപ്പോസൽ ഫോമിൽ നാം എഴുതി ഒപ്പിട്ടുകൊടുത്തിരിക്കുന്നതാണെന്ന് ഉറപ്പുവരുത്തണം. പോളിസിയിൽ തെറ്റുകളുണ്ടെങ്കിൽ അത് രേഖാമൂലം എഴുതി കമ്പനിക്ക് നൽകി തിരുത്തേണ്ടതാണ്. പോളിസി കിട്ടിയ ശേഷം ഹെൽത്ത് കാർഡ് നേടാനുള്ള നടപടി ക്രമം സ്വീകരിക്കണം. അംഗീകൃത ആശുപത്രികളുടെ ലിസ്റ്റ്, ക്ലെയിം നടപടി ക്രമങ്ങൾ എന്നീ പോളിസിയിൽ പറഞ്ഞ കാര്യങ്ങൾ വായിച്ച് മനസ്സിലാക്കണം. ആശുപത്രിയിൽ ചികിത്സതേടി പോവുമ്പോൾ അവിടെ മെഡിക്ലെയിം ഇൻഷൂറൻസ് കൈകാര്യം ചെയ്യാൻ കഴിവുള്ളവരുണ്ടെന്ന് ഉറപ്പുവരുത്തുക. അതല്ലെങ്കിൽ 'ക്യാഷ്‌ലെസ്' ചികിത്സ ലഭ്യമാവുന്നതിന് ബുദ്ധിമുട്ടാവും. ചികിത്സക്ക്വേണ്ടതായ ഏകദേശചിലവ് എത്ര വരുമെന്ന് അറിഞ്ഞിരിക്കുന്നത് നല്ലതാണ്.

ആശുപത്രിയിൽ നിന്നും ഡിസ്ചാർജ് ചെയ്ത് 7 ദിവസത്തിനകം തന്നെ അനുബന്ധ രേഖകൾ ഇൻഷൂറൻസ് കമ്പനിക്ക് അയച്ചുകൊടുക്കണം. ഇതിൽ ക്ലെയിം ഫോം, ഡോക്ടറുടെ സർട്ടിഫിക്കറ്റ്, ബില്ലുകൾ, ഡിസ്ചാർജ് കാർഡ്, പരിശോധനാ റിപ്പോർട്ടുകൾ എന്നിവ ഉണ്ടെന്ന് ഉറപ്പ് വരുത്തുക നിങ്ങൾക്കാവശ്യമുള്ള രേഖകളുടെ ഫോട്ടോകോപ്പി എടുത്ത് സൂക്ഷിച്ചു വെക്കുക. സാധാരണയായി എല്ലാരേഖകളും കൃത്യമായി കൊടുത്താൽ 30 ദിവസത്തിനകം ക്ലെയിം തീർപ്പാക്കി നൽകണമെന്നാണ് നിയമം. അതുപോലെതന്നെ അർഹതപ്പെട്ട ക്ലെയിം തീർപ്പാക്കി കിട്ടിയില്ലെങ്കിൽ ആദ്യപടിയായി അതാത് ഇൻഷൂറൻസ് കമ്പനികളുടെ റിഡ്രസൽ വിഭാഗവുമായി കത്തിടപാട് നടത്തുക. തൃപ്തികരമല്ലാത്ത മറുപടിയാണ് ലഭിച്ചതെങ്കിൽ ഐ.ആർ.ഡി.എ. യുടെ വെബ്സൈറ്റിലും അതുപോലെതന്നെ കൺസ്യൂമർഫോറം, ഇൻഷൂറൻസ് ഓംബുഡ്സ്മാൻ എന്നിവിടങ്ങളിലും പരാതി നൽകാവുന്നതാണ്. മെഡി ക്ലെയിം പോളിസികൾ കാലാവധി തീരുന്നതിന് മുൻപായിത്തന്നെ പ്രീമിയം അടച്ച് പുതുക്കിയെടുക്കേണ്ടതാണ്. ചില സാഹചര്യങ്ങളിൽ ഇൻഷൂറൻസ് കമ്പനികൾ റിനീവൽ നോട്ടീസ് നൽകാതിരുന്നാൽ തന്നെയും പോളിസി ഉടമകൾ ഇക്കാര്യം പ്രത്യേകം ഓർമ്മവെച്ച് ചെയ്തെടുക്കണം. നിങ്ങൾക്ക് ലഭ്യമാവേണ്ട പല ആനുകൂല്യങ്ങളും ഇപ്രകാരം ചെയ്തില്ലെങ്കിൽ നഷ്ടപ്പെടാനിടയുണ്ട്. നിങ്ങൾക്ക് കൃത്യമായി സേവനം നൽകാത്ത കമ്പനികൾ മാറിവേറെ ഇൻഷൂറൻസ് കമ്പനികളിലേക്ക് മാറ്റുന്നതിന് 45 ദിവസം മുൻപുതന്നെ അപേക്ഷ നൽകണമെന്ന് ഓർത്തിരിക്കുക.

പോളിസിയിൽ ചേരുമ്പോൾ ഇൻഷൂർ ചെയ്യുന്ന അടിസ്ഥാന തുക കുറച്ചും, കൂടിയ തുകക്ക് ഇൻഷൂർ ചെയ്യാനായി



ടോപ് അപ്പ് പോളിസികൾ തിരഞ്ഞെടുത്താൽ 30 മുതൽ 50 ശതമാനം വരെ പ്രീമിയത്തിൽ കുറവ് ലഭിക്കാനിടയാകും. ക്ലെയിം ഇല്ലാത്ത വർഷങ്ങളിൽ പോളിസി ഉടമയ്ക്ക് കമ്പനി നൽകുന്ന ആനുകൂല്യമാണ് ക്യുമുലേറ്റീവ് ബോണസ്. ഈ ആനുകൂല്യം നിങ്ങളുടെ പോളിസി പുതുക്കുമ്പോൾ ഉണ്ടെന്ന് ഉറപ്പ് വരുത്തുകയും ക്ലെയിം ഉണ്ടാകുന്നപക്ഷം ക്ലെയിം ചെയ്യാവുന്നതുമാണ്. പോളിസിയിൽ ചേരുമ്പോൾ ഇന്ന് നിലവിലുള്ള വിവിധ തരം ചികിൽസാരീതികൾ അലോപ്പതി, ആയുർവേദം, യുനാനി എന്നിവ ഉണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തിയ ശേഷം തിരഞ്ഞെടുക്കുക. നിലവിലുള്ള പോളിസികളിൽ പോളിസി ഉടമ സ്വയം വഹിക്കേണ്ട തുക, ചികിത്സാ ചിലവുകൾക്കുള്ള പരിധികൾ, പോളിസികളിൽ ആദ്യ മൂന്ന് വർഷങ്ങളിൽ ഒഴിവാക്കപ്പെട്ടിട്ടുള്ള ചികിത്സാ ചിലവുകൾ എന്നിവ കൃത്യമായി അറിഞ്ഞിരിക്കണം. പല കമ്പനികളും തുടർച്ചയായി ക്ലെയിമൊന്നുമുണ്ടായില്ലെങ്കിൽ മെഡിക്കൽ പരിശോധനക്കായി നിശ്ചിത തുക നൽകുന്നുണ്ട്. ഇത് കൂടാതെ ഒ.പി. ചികിത്സക്കായി ചുരുങ്ങിയ തുക റീ ഇംപേഴ്സ്മെന്റായി നൽകുന്ന കമ്പനികളുണ്ട്. ചികിൽസാ ചിലവുകൾക്ക് പുറമെ ചില കമ്പനികൾ മാരക രോഗങ്ങൾ കണ്ടെത്തിയാൽ മുൻകൂട്ടി നിശ്ചയിച്ച തുക മുൻകൂറായി നൽകുന്നുണ്ട്. ഇതിന് പുറമെ ആശുപത്രിയിൽ അഡ്മിറ്റായി ചികിത്സിച്ചാൽ ആശുപത്രി പ്രതിദിന ബത്ത നൽകുന്ന പോളിസിയും ഇഷ്ടാനുസരണം തിരഞ്ഞെടുക്കാൻ അവസരമുണ്ട്. ലൈഫ് ഇൻഷൂറൻസ് കമ്പനികൾ നൽകുന്ന ഹെൽത്ത് പോളിസികളിൽ നമുക്ക് ചിലവായ തുക പലപ്പോഴും ലഭ്യമാവണമെന്നില്ല. ഇതൊരു ബെനെഫിറ്റ് പോളിസിയായതിനാൽ മുൻകൂർ നിശ്ചയിച്ച നിശ്ചിതതുക മാത്രമെ പല ചികിത്സാരീതികളിലും ലഭ്യമാവുന്നുള്ളൂ. അതിനാൽ അടിസ്ഥാനപരമായി ജനറൽ ഇൻഷൂറൻസ് കമ്പനികളുടെ പോളിസികളിൽ മാത്രമെ ചികിത്സാ ചിലവുകൾ മുഴുവനായി ലഭ്യമാവുകയുള്ളൂ. നിലവിൽ അസുഖമുള്ളവർ (കഴിഞ്ഞ 36 മാസത്തിനുള്ളിൽ) അതിന്റെ വിശദ വിവരങ്ങൾ പ്രൊപ്പോസൽ ഫോമിൽ കാണിച്ചിരിക്കണം. ഗ്രൂപ്പ് പോളിസികളിൽ നിലവിലുള്ള അസുഖങ്ങൾ കവർ ചെയ്യാൻ സാധിക്കും. സെക്ഷൻ 80 ഡി. പ്രകാരം ഇൻകം ടാക്സ് ആനുകൂല്യം ലഭ്യമാണെന്നതിനാൽ ഈ അവസരം പ്രയോജനപ്പെടുത്താൻ മറക്കരുത്. പോളിസി തിരഞ്ഞെടുക്കുമ്പോൾ വിവിധ കമ്പനികളെ താരതമ്യം ചെയ്യുന്നത് നന്നായിരിക്കും. മാത്രമല്ല, വിൽപ്പനാന്തര സേവനം നൽകുന്ന കമ്പനികളെ തിരഞ്ഞെടുക്കാനും മറക്കരുത്. ആശുപത്രിയിൽ അഡ്മിറ്റ് ആവുമ്പോൾ അനുവദനീയമായ റൂം വാടകയേക്കാൾ കൂടിയ തുകക്കുള്ള മുറിയാണ് ലഭിച്ചതെങ്കിൽ പല ഇൻഷൂറൻസ് കമ്പനികളും ക്ലെയിം തുകയിൽ നിന്ന് ഗണ്യമായ തുക വെട്ടിക്കുറയ്ക്കുന്നുണ്ട്. ഇക്കാര്യം പ്രത്യേകം ഓർത്തുവെക്കണം. പ്രായം കൂടുംതോറും പ്രീമിയത്തിൽ വർദ്ധനവ് ഉണ്ടാവുക സ്വാഭാവികമാണ്.




ഇപ്പോൾ ഭൂരിഭാഗം പോളിസികളും ആജീവനാന്തം ഇൻഷൂർ ചെയ്ത് പുതുക്കിയെടുക്കാൻ അവസരമുണ്ട്. ആശുപത്രിയിൽ നിന്നും സൗജന്യ ചികിത്സക്കായി ഇൻഷൂറൻസ് കമ്പനി അംഗീകരിച്ച ആശുപത്രിയിൽ നിന്നും ചികിൽസ തേടുക. അതല്ല, മറ്റ് ആശുപത്രികളിൽ നിന്നും ചികിത്സ തേടിയാൽ ചിലവായ തുക ഇൻഷൂറൻസ് കമ്പനിയിൽ നിന്നും തിരികെ വാങ്ങാവുന്നതാണ്. നിലവിലുള്ള പോളിസികൾ കാലാവധിക്ക് പുതുക്കാൻ സാധിച്ചില്ലെങ്കിൽ 30 ദിവസത്തെ 'ഗ്രേസ് പിരീഡ്' കൂടി കമ്പനികൾ നൽകുന്നുണ്ട്. ആനുകൂല്യങ്ങൾ ഒപ്പം തന്നെ നഷ്ടപ്പെടാതെ പുതുക്കാൻ അവസരം നൽകുന്നുണ്ട്. സാധാരണ പോളിസികൾ തുടർച്ചയായി പുതുക്കുവാനുള്ള അവകാശം പോളിസി ഉടമക്ക് ഉണ്ട്. അതല്ലാതെ ക്ലെയിമുകൾ ഉള്ള പോളിസികൾ യാതൊരു കാരണവശാലും പ്രീമിയം വിപണി നിരക്കിനേക്കാൾ വർദ്ധിപ്പിക്കുകയോ, പുതുക്കാതിരിക്കുകയോ അരുത്.

നിങ്ങൾക്ക് ഒന്നിലധികം ഹെൽത്ത് ഇൻഷൂറൻസ് പോളിസികൾ ഉണ്ടെങ്കിൽ അതിന്റെ രണ്ടിന്റെയും ആനുകൂല്യങ്ങൾ ചില സാഹചര്യങ്ങളിൽ പ്രയോജനപ്പെടുത്താം. ആശുപത്രിചിലവ് കൂടിയും ഇൻഷൂർ ചെയ്ത തുക കുറവുമാണെങ്കിൽ ആദ്യം ക്ലെയിം ചെയ്യുന്ന കമ്പനിയിൽ നിന്നും രേഖാമൂലം ക്ലെയിം തുകയും, ക്ലെയിം അനുവദിച്ച തുകയും എഴുതി വാങ്ങി രണ്ടാമത്തെ പോളിസി എടുത്ത കമ്പനിയിൽ ഹാജരാക്കിയാൽ മതി. ഏതെങ്കിലും കാരണവശാൽ ഒരു ക്ലെയിം നിരസിക്കപ്പെട്ടാൽ കാര്യകാരണ സഹിതം രേഖാമൂലം പോളിസി ഉടമയെ അറിയിച്ചിരിക്കണം. അതല്ല, ക്ലെയിമിനായി കൊടുത്തിരിക്കുന്ന രേഖകളിൽ കുറവ് ഉണ്ടായാലും കമ്പനി ഇക്കാര്യം രേഖാമൂലം പോളിസി ഉടമയെ അറിയിക്കണം. ഒരു പോളിസി എടുത്ത്, അത് തൃപ്തികരമല്ലാത്ത സാഹചര്യം ഉണ്ടായാൽ പോളിസി കിട്ടി 15 ദിവസത്തിനകം അത് ക്യാൻസൽ ചെയ്ത് പണം തിരികെ വാങ്ങാൻ സാധ്യമാണ്. ഇതിനെ 'ഫ്രീ ലുക്ക്' പിരീഡ് എന്നാണ് പറയുന്നത്. കൂടുതൽ വിവരങ്ങൾ അറിയാൻ താൽപര്യമുള്ളവർ താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക.

മാനേജിംഗ് ഡയറക്ടർ,
എയിംസ് ഇൻഷുറൻസ് ബ്രോക്കിംഗ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ്. ഫോൺ: 9895768333
ഇ-മെയിൽ: odatt@aimsinsurance.in

# സാങ്കേതിക മാറ്റങ്ങൾക്കൊപ്പം മുന്നോട്ട്: എ.ഐ.-സെമികണ്ടക്ടർ മേഖലകളിൽ ചുവടുറപ്പിച്ച് കേരളം

വ്യവസായം, വാണിജ്യം, ഐ.ടി., ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയ മേഖലകളിൽ പുതിയ സാധ്യതകൾ തുറന്നുകൊണ്ട് കേരളം വികസനത്തിന്റെ പുതിയ ഘട്ടത്തിലേയ്ക്ക് കടക്കുകയാണ്. നിക്ഷേപ സൗഹൃദ അന്തരീക്ഷം ശക്തിപ്പെടുത്തുക, സാങ്കേതിക വിദ്യാധിഷ്ഠിത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക. യുവജനങ്ങൾക്ക് ഉയർന്ന നിലവാരത്തിലുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുക. എന്നിവയ്ക്ക് പ്രത്യേക പ്രാധാന്യം നൽകിയാണ് സംസ്ഥാനത്തിന്റെ വ്യവസായ വികസന നയങ്ങൾ മുന്നേറുന്നത്. കേരളത്തെ രാജ്യത്തെ മികച്ച നിക്ഷേപ കേന്ദ്രങ്ങളിലൊന്നാക്കി മാറ്റുന്നതിനായി നടപടി ക്രമങ്ങൾ ലളിതമാക്കുന്നതിനും നിക്ഷേപകർക്ക് കൂടുതൽ ആത്മവിശ്വാസം നൽകുന്ന സുതാര്യമായ ഭരണ സംവിധാനം ഉറപ്പാക്കുന്നതിനും വിവിധ ഇടപെടലുകൾ നടപ്പാക്കി വരുന്നു. ഇൻവെസ്റ്റ് കേരള സംരംഭത്തിന്റെ ഭാഗമായി നിക്ഷേപ ഉപദേശക സമിതി, ഇൻവെസ്റ്റ് കേരള സെൽ, വിദേശത്തുള്ള കേരള ഡെസ്കുകൾ തുടങ്ങിയ സംവിധാനങ്ങൾ രൂപീകരിക്കുന്നതിലൂടെ ആഭ്യന്തര- വിദേശ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും പ്രവാസി മലയാളികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും പുതിയ അവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നു.

ഐ.ടി. മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനും സംസ്ഥാനം വലിയ പ്രധാന്യം നല്കുന്നുണ്ട്. സമാർട്ട് സിറ്റി കൊച്ചിയിലെ ഗ്രീൻടച്ച് സ്പേസസ് ഉത്ഘാടനം ചെയ്തതും ഇൻഫോ പാർക്ക് കൊച്ചി രണ്ടാം ഘട്ടത്തിൽ പൊളാരിസ് ഐ.ടി. ടവറിന്റെ നിർമ്മാണത്തിന് തുടക്കമിട്ടതും ഈ രംഗത്തെ ശ്രദ്ദേയമായ മുന്നേറ്റങ്ങളാണ്. ആധുനിക സൗകര്യങ്ങളോടെയുള്ള ഇത്തരം പദ്ധതികൾ ആയിരക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനൊപ്പം കേരളത്തിന്റെ ഐ.ടി., എ.ഐ., മേഖലകളുടെ വളർച്ചയ്ക്കും ശക്തമായ അടിത്തറ ഒരുക്കുന്നു.

ആഗോള സെമി കണ്ടക്ടർ വ്യവസായത്തിൽ നിർണ്ണായക സാന്നിധ്യമായി മാറുന്നതിനുള്ള സാധ്യതകളും കേരളം സജീവമായി പ്രയോജനപ്പെടുത്തുകയാണ്. സെമികണ്ടക്ടർ മേഖലയിലെ വിദഗ്ധർ, നയരൂപകർ, വ്യവസായ പ്രതിനിധികൾ ഗവേഷണ സ്ഥാപനങ്ങൾ എന്നിവരുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ നിക്ഷേപം ആകർഷിക്കുന്നതിനും ഗവേഷണ-വികസന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. മികച്ച മാനവവിഭവശേഷി, ശക്തമായ ഐ.ടി. ആവാസ വ്യവസ്ഥ, ഗവേഷണ ശേഷി എന്നിവ ഈ മേഖലയിൽ കേരളത്തിന് വലിയ സാധ്യതകളാണ് നൽകുന്നത്.

ടെക്നോപാർക്കിൽ കായ് സെമികൺട്രോൾ സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് പ്രവർത്തനം ആരംഭിച്ചതും ഈ മാറ്റത്തിന്റെ ഭാഗമാണ്. സെമികണ്ടക്ടർ രൂപകൽപ്പന, എംബഡഡ് സിസ്റ്റംസ് തുടങ്ങിയ അത്യാധുനിക സാങ്കേതിക മേഖലകളിലെ കേരളത്തിന്റെ ശേഷി കൂടുതൽ ദൃശ്യവൽക്കരിക്കുന്നതിനൊപ്പം ഉയർന്ന നിലവാരത്തിലുള്ള തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും ഇത്തരം സംരംഭങ്ങൾക്ക് കഴിയും.

വ്യവസായ വളർച്ചയ്ക്ക് നൈപുണ്യമുള്ള മനുഷ്യവിഭവശേഷി അനിവാര്യമായ



തിനാൽ യുവജനങ്ങളുടെ നൈപുണ്യ വികസനത്തിനും പ്രത്യേക ശ്രദ്ധ നൽകുന്നു. ഐ.സി.ടി. അക്കാദമി ഓഫ് കേരളയുടെ നേതൃത്വത്തിൽ ഗൂഗിൾ ഫോർ ഡെവലപ്പേഴ്സ്, ഇന്റൽ, മോംഗോഡിബി, ഇൻഫോസിസ് സ്പ്രിംഗ്ബോർഡ്, നാസ്കോം ഫ്യൂച്ചർസ്കിൽസ് പ്രൈം തുടങ്ങിയ സ്ഥാപനങ്ങളുമായി സഹകരിച്ച് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡാറ്റാ സയൻസ്, ക്ലൗഡ് കമ്പ്യൂട്ടിംഗ് തുടങ്ങിയ മേഖലകളിൽ പരിശീലന പരിപാടികൾ നടപ്പാക്കിവരുന്നു. ആഗോള തൊഴിൽ വിപണിയുടെ ആവശ്യങ്ങൾക്കനുസരിച്ച് കേരളത്തിലെ യുവാക്കളെ സജ്ജരാക്കുന്നതിൽ ഇത്തരം പദ്ധതികൾ നിർണായകമാണ്. സാങ്കേതിക വിദ്യയുടെ വളർച്ച തൊഴിൽ മേഖലയിലുണ്ടാക്കുന്ന മാറ്റങ്ങളെയും സർക്കാർ ഉത്തരവാദിത്വത്തോടെ സമീപിക്കുന്നു. കോറോ ഹെൽത്തിൽ തൊഴിൽ നഷ്ടപ്പെട്ട ജീവനക്കാർക്ക് ജിടെക്കും അംഗ കമ്പനികളും ചേർന്ന് തൊഴിലവസരങ്ങൾ ഒരുക്കിയ നടപടി വ്യവസായ സമൂഹത്തിന്റെ സാമൂഹിക പ്രതിബദ്ധതയുടെ മികച്ച മാതൃകയായി മാറിയിട്ടുണ്ട്. സാങ്കേതിക മാറ്റങ്ങൾക്കിടയിലും തൊഴിലാളികൾക്ക് പുതിയ അവസരങ്ങൾ സൃഷ്ടിക്കുന്ന സഹകരണ മാതൃകകൾ കൂടുതൽ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും ഇത് വ്യക്തമാക്കുന്നു. സാങ്കേതിക വിദ്യയുടെ നേട്ടങ്ങൾ സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങളിലേയ്ക്കും എത്തിക്കുന്നതിനായി വിദ്യാർത്ഥികൾക്ക് എ.ഐ. റോബോട്ടിക്സ് പഠന സൗകര്യങ്ങൾ ഒരുക്കുക, എ.ഐ. സാക്ഷരത പരിപാടികൾ സംഘടിപ്പിക്കുക. സൈബർ സുരക്ഷ സംബന്ധിച്ച ശിൽപശാലകൾ നടത്തുക, യുവ സംരംഭകരെയും നവീകരണ ചിന്തകരെയും പ്രോത്സാഹിപ്പിക്കുക തുടങ്ങിയ നിരവധി പ്രവർത്തനങ്ങളും മുന്നോട്ടുപോകുന്നു. സാങ്കേതിക വിദ്യയെ വ്യവസായ വളർച്ചയുടെ ഉപാധി മാത്രമല്ല, ജനകീയ വികസനത്തിന്റെ ഭാഗമാക്കുക എന്ന വിശാലമായ സമീപനമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. വ്യവസായ വികസനം നിക്ഷേപം ആകർഷിക്കുന്നതിൽ മാത്രം ഒതുങ്ങുന്നില്ല. മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, സംരംഭകരെ ശക്തിപ്പെടുത്തുക, സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക, പുതിയ സാങ്കേതികവിദ്യകൾ സ്വീകരിക്കുക, സംസ്ഥാനത്തിന്റെ സമഗ്ര സാമ്പത്തിക വളർച്ച ഉറപ്പാക്കുക എന്നിവയും അതിന്റെ പ്രധാന ഘടകങ്ങളാണ്. വ്യവസായ-വാണിജ്യ വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരന്തരം വിലയിരുത്തുന്നതിനായി നടക്കുന്ന അവലോകന യോഗങ്ങളും ഏകോപിതമായ വികസന സമീപനത്തിന്റെ ഭാഗമാണ്.

നിക്ഷേപം, അടിസ്ഥാന സൗകര്യം, സാങ്കേതികവിദ്യ, നൈപുണ്യം, സംരംഭകത്വം എന്നിവയെ ഒരുമിച്ച് മുന്നോട്ടുകൊണ്ടുപോകുന്ന സമീപനമാണ് കേരളത്തിന്റെ പുതിയ വ്യവസായ വികസനത്തിന്റെ പ്രത്യേകത, ശക്തമായ ഐ. ടി. ആവാസവ്യവസ്ഥയും മികച്ച മാനവ വിഭവശേഷിയും ഗവേഷണ ശേഷിയും നിക്ഷേപ സൗഹൃദ അന്തരീക്ഷവും കൈകോർക്കുമ്പോൾ, ഇന്ത്യയിലെ ഏറ്റവും ചലനാത്മകമായ വ്യവസായ-നവീകരണ കേന്ദ്രങ്ങളിലൊന്നായി കേരളത്തിന് ഉയർന്നുവരാൻ കഴിയും. കൂടുതൽ നിക്ഷേപങ്ങളും മികച്ച അടിസ്ഥാന സൗകര്യങ്ങളും ആഗോള നിലവാരത്തിലുള്ള സാങ്കേതിക സംരംഭങ്ങളും നൈപുണ്യമുള്ള യുവജന ശക്തിയും ചേർന്നുള്ള ഈ മുന്നേറ്റം കേരളത്തിന്റെ വ്യവസായ ഭാവിയ്ക്ക് പുതിയ സാധ്യതകളാണ് തുറന്നുനല്കുന്നത്. ■

**കെ.എസ്.ഐ.ഡി.സി.**





# പാദരക്ഷാ വ്യവസായം കേരളത്തിൽ






ഇസ്ഹാഖ് കളത്തിങ്കൽ

കോഴിക്കോട് ഫുട് വെയർ മേഖലയുടെ വളർച്ച തുടങ്ങുന്നത് 1980-90 കാലഘട്ടത്തിലാണ്. പരമ്പരാഗത വ്യവസായങ്ങൾ ക്ഷയിച്ച സാഹചര്യത്തിലാണ് പുതിയ മേഖലയിലേയ്ക്ക് ഒരു കൂട്ടം ആളുകൾ കടന്നുവരുന്നത്. തീരെ പരിചിതമല്ലാത്ത ഒരു മേഖലയിൽ കടന്നുകയറിയ ഇവർ രാജ്യത്തിന്റെ അഭിമാന സംരംഭകരായി മാറിയിരിക്കുകയാണ്. കോഴിക്കോട് ഫുട് വെയർ വ്യവസായത്തിന്റെ ചരിത്രം രേഖപ്പെടുത്തുമ്പോൾ വി.കെ.സി. മമ്മദ് കോയ എന്ന സംരംഭകന്റെ അതികഠിനമായ അധ്വാനത്തിന്റെയും ആത്മവിശ്വാസത്തിന്റെയും വിജയഗാഥയാണ് കൺമുന്നിൽ വരിക. ജയിച്ച് കയറിയവർ പരിശ്രമശാലികളെ തിരിഞ്ഞുനോക്കാതെ കടന്നുപോകാറാണ് സാധാരണ പതിവ്. പക്ഷേ പതിറ്റാണ്ടുകളായി ചെറുതും വലുതുമായ നിരവധി പാദരക്ഷാ വ്യവസായ സംരംഭകർക്ക് തണലേകുന്ന അപൂർവ്വ വ്യക്തിത്വമാണ് ശ്രീ. വി.കെ.സി. മമ്മദ്കോയ എന്ന വി.കെ.സി. ഗ്രൂപ്പിന്റെ ചെയർമാൻ. കോഴിക്കോട് താലൂക്കിലെ ചെറുവണ്ണൂർ, കൊളത്തറ നല്ലളം, റഹിമാൻ ബസാർ, എന്നിവിടങ്ങളിൽ കടന്നു ചെല്ലുമ്പോൾ പാദരക്ഷ വ്യവസായം നാട്ടിലുണ്ടാക്കിയ മാറ്റം പ്രകടമാണ്. അസംസ്കൃത വസ്തുക്കളുടെ നിരവധി സ്ഥാപനങ്ങൾ, ഷോപ്പുകൾ, ഗോഡൗണുകൾ എവിടെയും അതിഥി തൊഴിലാളികൾ അവർക്ക് വേണ്ടിയുള്ള മൊബൈൽ ഫോൺ കടകൾ, പണമയമാക്കാനുള്ള സംവിധാനങ്ങൾ, ഫുട് വെയർ വ്യവസായത്തിന്റെ ഒരു ക്ലസ്റ്റർ എന്ന് വിളിക്കാവുന്ന ഈ മേഖല ആശ്രയിച്ച് ഉപജീവനം നടത്തുന്ന നിരവധിപേരെ കാണാം. കിനാലൂർ KSIDC വ്യവസായ പാർക്കിലും, നല്ലളം വെസ്റ്റ്ഹിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലും പാദരക്ഷാ നിർമ്മാണ രംഗത്ത് വിജയം വരിച്ചവരെ നമുക്ക് കാണാം. എന്നാൽ കോവിഡിന് ശേഷം ഉണ്ടായ നിരവധി പ്രതിസന്ധികളിൽ കാലിടറിയവർ ഏറെയാണ്. ഇതിൽ അപ്പർ സ്റ്റിച്ചിംഗ് യൂണിറ്റുകളാണ് ഏറെയും. BIS ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് വേണ്ടിയുള്ള പുതിയ നിബന്ധനകൾ ചെറുകിട സംരംഭകർക്ക് വലിയ പരീക്ഷണമായി കാണേണ്ടതാണ്. അതോടൊപ്പം യുദ്ധം മൂലം ഉണ്ടായ അസംസ്കൃത സാധനങ്ങളുടെ വിലക്കയറ്റവും ആശങ്കപ്പെടുത്തുന്നതാണ്. ഇന്ത്യയിലെ ഫുട് വെയർ വ്യവസായം ലോകത്തിൽ ഏറ്റവും വലിയതും വേഗത്തിൽ വളരുന്നതുമായ മേഖലകളിൽ ഒന്നാണ്. ചൈനയ്ക്ക് ശേഷം ഏറ്റവും വലിയ ഉത്പാദക രാജ്യമാണ് ഇന്ത്യ. ആഭ്യന്തര ആവശ്യകതയും കയറ്റുമതിയും വലിയ തോതിൽ വർദ്ധിച്ചു വരുന്നു. ഈ മേഖലയിൽ സുമാർ 40 ലക്ഷത്തിലധികം ആളുകൾ ജോലി ചെയ്യുന്നു. ചൈനപോലുള്ള രാജ്യങ്ങളിൽ നിന്നും ഇറക്കുമതി വിപണിയിൽ കടുത്ത മത്സരം നേരിടേണ്ടി വരുന്നുണ്ട്. ചെരിപ്പ് ഇന്നൊരു അവശ്യക വസ്തു എന്നതിലുപരി ഫാഷൻ, ജീവിത ശൈലി, വ്യക്തിത്വം എന്നിവ പ്രതിഫലിപ്പിക്കുന്ന ആഡംബര ജീവിതത്തിന്റെ ഭാഗമായിട്ടുണ്ട്. രാജ്യത്ത് യുവജന സംഖ്യകളുടെ വർദ്ധനവും ഫാഷൻ സംബന്ധിച്ച് സാമൂഹിക മാധ്യമങ്ങളിലൂടെയുള്ള മാർക്കറ്റിംഗും ചെറുകിട സംരംഭകർക്ക് മുൻ നിരക്കാരോട് മത്സരിക്കാൻ പ്രാപ്തി നേടിക്കൊടുക്കുന്നു. വിദേശ കയറ്റുമതിയിൽ ഗുണമേന്മയും കുറഞ്ഞ ചെലവും നമുക്ക് മത്സരക്ഷമത നല്കുന്നു. അതുകൊണ്ട് തന്നെ പുതിയ സംരംഭകർക്ക് ഏറെ സാധ്യതയുണ്ട് എന്ന് കണ്ട് ധാരാളം പേർ ഈ രംഗത്തേയ്ക്ക് കടന്നുവരുന്നു. മേക്ക് ഇൻ ഇന്ത്യ പോലുള്ള പദ്ധതികളും ഗ്ലോബൽ മാർക്കറ്റ് എക്സ്പാൻഷനും കേരളം പോലുള്ള ചെറിയ സംസ്ഥാനത്തിന് പോലും വലിയ സാധ്യതകൾ തുറന്ന് നല്കുന്നു. കോഴിക്കോട് പോലെ വിദേശ ജോലി സ്വപ്നം കണ്ടിരുന്ന ചെറുപ്പക്കാർ ധാരാളമുള്ളയിടത്ത്-പ്രവാസികൾ ഏറെയുള്ള നാട്ടിൽ ഈ വ്യവസായം വലിയ

പ്രതീക്ഷയാണ് നല്കുന്നത്. അതിന് ഏറ്റവും സഹായകരമായ ഘടകം ഈ മേഖലയിലെ സംരംഭകരുടെ ഒത്തൊരുമയും അവരുടെ കൂട്ടായ പരിശ്രമവുമാണ്. ഈ മേഖലയിൽ ലോകത്തിൽ അനുദിനമുണ്ടാകുന്ന മാറ്റങ്ങൾ പഠിക്കുകയും അതിനുവേണ്ടി വിദേശത്ത് വിശ്രമമില്ലാതെ സഞ്ചരിച്ച് അതിനൂതനമായ സാങ്കേതിക വിദ്യകൾ സ്വായത്തമാക്കി തങ്ങളുടെ സ്ഥാപനങ്ങളെ മുൻനിര വൻകിട സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളോടുള്ള മത്സരക്ഷമത ഉറപ്പുവരുത്തുന്നു. വലിയ എക്സ്പോകൾ നടത്തുന്നതോടൊപ്പം വിദേശ വിപണിയിൽ നമ്മുടെ സ്ഥാപനങ്ങളുടെ സാന്നിധ്യം ഉറപ്പുവരുത്തുന്നു. Footwear Design & Development Centre (FDDC) പോലുള്ള ഫുട് വെയർ സംരംഭകരുടെ കൂട്ടായ്മയും KSSIA കോഴിക്കോട് ജില്ലാ കമ്മിറ്റിയും നൽകുന്ന പിന്തുണ വലുതാണ്. ഈ വർഷം ജൂലായ് മാസത്തിൽ കോഴിക്കോട് വച്ച് രണ്ടു ദിവസം നീണ്ടുനിൽക്കുന്ന ഫുട് വെയർ എക്സ്പോയും, ടെക്നിക്കൽ സെമിനാറും, മുംബൈയിൽ ഒരു B2B മീറ്റും, ഒരു ചൈന ബിസിനസ്സ് ടൂറും ഇവർ പ്ലാൻ ചെയ്തിരുന്നു. അത് മാത്രമല്ല BIS മാനദണ്ഡ ഗുണനിലവാര പരിശോധനയ്ക്ക് ആധുനിക സൗകര്യമുള്ള പൊതുവായി സംരംഭകർക്ക് ചെറിയ ചിലവിൽ ഉപയോഗിക്കാനാവുന്ന ഒരു ലാബിന്റെ പ്രവർത്തനം ഏറെക്കുറെ പൂർത്തിയായി വരികയാണ്. ഫുട് വെയർ വ്യവസായികളുടെ അനുകരണീയ മാതൃക മറ്റുള്ളവർക്കും പ്രചോദനമാണ്.

അനിവാര്യമായതും സാങ്കേതിക മികവ് പ്രകടമാക്കുന്ന തലമുറ മാറ്റം ഏതൊരു വ്യവസായ മേഖലയെയും ഊർജ്ജസ്വലത വീണ്ടെടുക്കാൻ സഹായിക്കുന്നു. എന്നാൽ ഇതിന് വേണ്ടി കൂട്ടായ പരിശ്രമങ്ങൾ ഉണ്ടാകാറില്ല. അതുകൊണ്ടുതന്നെ അത്തരം ടീം വർക്ക് എവിടെയും കാണാറില്ല. എന്നാൽ അതിന് ഒരു അപവാദമാണ് കോഴിക്കോട് ഫുട് വെയർ മേഖല. വ്യക്തമായ ലക്ഷ്യത്തോടെ മുതിർന്നവർ മുൻകൈയ്യെടുത്ത് ഉത്തരവാദിത്വങ്ങൾ ഏൽപ്പിച്ചു നല്കിയ യുവനിരയുടെ പ്രവർത്തനം ഈ മേഖലയുടെ അഭിവൃദ്ധിയ്ക്ക് മാത്രമല്ല മൊത്തം വ്യവസായ സമൂഹത്തിന്റെ ദിശാസൂചികയായി മാറുന്നു. ഈ വർഷം കോഴിക്കോട് നടക്കുന്ന ഫുട് വെയർ എക്സ്പോയുടെയും സെമിനാറിന്റെയും മുഖ്യ സംഘാടകർ ഈ യുവ സംരംഭകരാണ്. രാജ്യത്തിനകത്തും പുറത്തുമുള്ള മാറ്റങ്ങൾ അനുദിനം മനസ്സിലാക്കി അത് പരസ്പരം ഷെയർ ചെയ്ത് ഒരു ഗ്രൂപ്പായിതന്നെ മാറ്റങ്ങൾക്ക് ഇവർ പ്രത്യേക ശക്തിയാകുന്നു. മുതിർന്നവർക്കും യുവാക്കൾക്കും കുട്ടികൾക്കും വേണ്ട പാദരക്ഷകൾ അനുദിനം മാറിക്കൊണ്ടിരിക്കുന്ന ട്രെൻഡുകൾ, ജീവിത ശൈലി രോഗങ്ങൾക്ക് പരിരക്ഷ നൽകുന്ന ചെരുപ്പുകൾ, കാലാവസ്ഥയ്ക്ക് യോജിച്ചതും ഓരോ മേഖലയിലെയും വ്യക്തിയുടെയും സമൂഹത്തിന്റെയും സംസ്കാര വൈവിധ്യം മനസ്സിലാക്കി വിവിധ രാജ്യങ്ങളുടെ ആവശ്യം മനസ്സിലാക്കി നിർമ്മിക്കുന്നതും ഏറ്റവും പുതിയ ടെക്നോളജിയിൽ അന്താരാഷ്ട്ര മാനദണ്ഡങ്ങൾ പാലിച്ച് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡിൽ നിർമ്മിക്കുന്ന പാദരക്ഷകൾ നമ്മുടെ രാജ്യാതിർത്തി കടന്ന് വിവിധ രാജ്യങ്ങൾ കടന്നുമുന്നേറിക്കൊണ്ടിരിക്കുന്നത് അഭിമാനകരം തന്നെ. അതിൽ ഈ യുവനിരയുടെ പങ്ക് നിസ്തുലമാണ്.

**മുൻ കോഴിക്കോട് ജില്ലാ പ്രസിഡന്റ്, KSSIA News എഡിറ്റോറിയൽ ബോർഡ് അംഗവുമാണ് ലേഖകൻ.**

# സംസ്ഥാന - ജില്ലാ വാർത്തകൾ




കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ കണ്ണൂർ ജില്ലാ വാർഷിക പൊതുയോഗത്തിൽ ജില്ലാ പ്രസിഡന്റ് ശ്രീ. സി. അബ്ദുൾ കരീം സംസാരിക്കുന്നു. ചടങ്ങിൽ കണ്ണൂർ ജില്ലാ കളക്ടർ ശ്രീ. പി. വിഷ്ണു രാജ് ഐ. എ.എസ്., ജനറൽ സെക്രട്ടറി ശ്രീ. ജോസഫ് പൈകട, കണ്ണൂർ ജില്ലാ സെക്രട്ടറി ശ്രീ. ടി.പി. നാരായണൻ മുതലായവർ പങ്കെടുത്തു.



രാഷ്ട്രത്തിന്റെ എൺപതാമത് സ്വാതന്ത്ര്യ ദിനാഘോഷത്തോടനുബന്ധിച്ച് കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ സംസ്ഥാന ഓഫീസ് അങ്കണത്തിൽ സെൻട്രൽ സോൺ വൈസ് പ്രസിഡന്റ് ശ്രീ. പി.ജെ. ജോസ് ദേശീയ പതാക ഉയർത്തുന്നു.



കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷന്റെ വയനാട് ജില്ലയിലെ ഓഫീസ് മന്ദിരത്തിന്റെ നിർമ്മാണ പുരോഗതി നോർത്ത് സോൺ വൈസ് പ്രസിഡന്റ് ശ്രീ. എ.വി. സുനിൽ നാഥ്, ജില്ലാ സെക്രട്ടറി ശ്രീ. മാത്യു തോമസ്, എന്നിവർ വിലയിരുത്തുന്നു. ഓഫീസ് മന്ദിരം പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കാൻ വയനാട് ജില്ലാ ഘടകത്തെ അകമഴിഞ്ഞ് സഹായിക്കണമെന്ന് സംസ്ഥാന പ്രസിഡന്റ് എന്ന നിലയിൽ എല്ലാ ജില്ലാ ഘടകങ്ങളോടും അഭ്യർത്ഥിക്കുന്നു.

Bank Details:-

Tha Kerela State Small Industries Association, Wayanad
A/c No:121911010000006
IFSC Code:UBIN0914266, Union Bank Kalpetta

# കേരളത്തിലെ ചെറുകിട വ്യവസായങ്ങൾക്ക് ആഗോള അവസരങ്ങളുടെ കവാടം - INMECC

INMECC

INDO GULF AND MIDDLE EAST CHAMBER OF COMMERCE

കേരളത്തിന്റെ വ്യവസായ വളർച്ചയ്ക്കും ഗൾഫ് രാജ്യങ്ങളുമായുള്ള വ്യപാര-നിക്ഷേപ ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനുമായി പ്രവർത്തിക്കുന്ന പ്രമുഖ അന്തർദ്ദേശീയ ബിസിനസ് സംഘടനയാണ് ഇൻഡോ ഗൾഫ് & മിഡിൽ ഈസ്റ്റ് ചേംബർ ഓഫ് കൊമേഴ്സ് INMECC. 2021ൽ രൂപീകൃതമായ ഈ സംഘടന ഇന്ന് ഇന്ത്യയിലെയും ഗൾഫ് മേഖലയിലെയും വ്യവസായികൾ, നിക്ഷേപകർ, പ്രൊഫഷണലുകൾ, സർക്കാർ ഏജൻസികൾ എന്നിവയെ ബന്ധിപ്പിക്കുന്ന ശക്തമായ വേദിയായി മാറിയിരിക്കുകയാണ്.

കേരളത്തിലെ ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്ക് വിദേശ വിപണികളിലേയ്ക്കുള്ള പ്രവേശനം, കയറ്റുമതി വികസനം, സാങ്കേതിക സഹകരണം, സംയുക്ത സംരംഭങ്ങൾ, വിദേശ നിക്ഷേപം എന്നിവ ലഭ്യമാക്കുന്നതിന് INMECC നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു. യു.എ.ഇ., ഒമാൻ, സൗദി അറേബ്യ, ഖത്തർ എന്നിവിടങ്ങളിലെ വ്യാപാര സമൂഹങ്ങളുമായുള്ള ശക്തമായ ബന്ധം കേരളത്തിലെ സംരംഭകർക്ക് പുതിയ അവസരങ്ങൾ തുറന്നുകൊടുക്കുന്നു. അംഗങ്ങൾക്കും സംരംഭകർക്കും അനുയോജ്യമായ വിപണി സാധ്യതകൾ കണ്ടെത്തുന്നതും INMECC യുടെ പ്രധാന പ്രവർത്തനങ്ങളിലൊന്നാണ്. വിവിധ രാജ്യങ്ങളിലെ വിപണി സാഹചര്യങ്ങൾ, ഉപഭോക്തൃ ആവശ്യങ്ങൾ, ബിസിനസ് പ്രവണതകൾ, ഇറക്കുമതി - കയറ്റുമതി സാധ്യതകൾ, നിക്ഷേപ അവസരങ്ങൾ എന്നിവ മനസ്സിലാക്കി കേരളത്തിലെ സംരംഭകർക്ക് പ്രയോജനപ്പെടുന്ന വിപണികളെ തിരിച്ചറിയാൻ INMECC ശ്രമിക്കുന്നു.

ഗൾഫ് രാജ്യങ്ങളിൽ വർഷങ്ങളായി പ്രവർത്തിക്കുന്ന പ്രവാസി മലയാളി സംരംഭകരുടെയും നിക്ഷേപകരുടെയും അനുഭവസമ്പത്തും സാമ്പത്തിക ശക്തിയും കേരളത്തിന്റെ വ്യവസായ വികസനത്തിന് പ്രയോജനപ്പെടുത്തുക എന്നതാണ് INMECC യുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് പ്രത്യേകിച്ച് പുതിയ സംരംഭങ്ങൾക്കും വികസനം ആഗ്രഹിക്കുന്ന നിലവിലുള്ള വ്യവസായങ്ങൾക്കും നിക്ഷേപ പങ്കാളിത്തം കണ്ടെത്തുന്നതിനും വിപണി വികസനത്തിനും സംഘടന സഹായം നൽകുന്നു. കേരളത്തിലെ പ്രവർത്തനം നിലച്ചതോ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതോ ആയ വ്യവസായ യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കുന്നതിനായി INMECC പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് പ്രവാസി നിക്ഷേപവും മാനേജ്മെന്റ് വൈദഗ്ധ്യവും ആധുനിക സാങ്കേതിക വിദ്യയും ഉപയോഗപ്പെടുത്തി ഇത്തരം യൂണിറ്റുകളെ വീണ്ടും ഉൽപ്പാദന രംഗത്തേക്ക് കൊണ്ടുവരികയാണ് ലക്ഷ്യം. സംരംഭകത്വ വികസനത്തിനും തൊഴിൽ സൃഷ്ടിക്കുമായി INMECC നടപ്പിലാക്കുന്ന ''My job, My Business'' പദ്ധതി യുവാക്കളെ തൊഴിൽ അന്വേഷകരിൽ നിന്ന് തൊഴിൽ ദാതാക്കളാക്കി മാറ്റാനുള്ള ശ്രമമാണ്. വ്യവസായ പരിശീലനം, ബിസിനസ്സ് മാർഗനിർദ്ദേശം, നിക്ഷേപ സാധ്യതകൾ, വിപണി ബന്ധങ്ങൾ എന്നിവ ഈ പദ്ധതിയുടെ ഭാഗമാണ്.

ഇന്ന് ആഗോള വിപണിയിൽ മത്സരിക്കാൻ കേരളത്തിലെ MSME മേഖലയ്ക്ക് അന്തർദ്ദേശീയ ബന്ധങ്ങളും പുതിയ വിപണികളും അനിവാര്യമാണ്. ഈ സാഹചര്യത്തിൽ കേരളത്തിലെ വ്യവസായികൾക്കും സംരംഭകർക്കും നിക്ഷേപകർക്കും ഗൾഫ് മേഖലയുമായുള്ള വ്യാപാര - നിക്ഷേപ സഹകരണത്തിനുള്ള വിശ്വസനീമായ പാലമായാണ് INMECC പ്രവർത്തിയ്ക്കുന്നത്. കേരളത്തിന്റെ വ്യവസായ വളർച്ചയ്ക്കും കയറ്റുമതി വർധനയ്ക്കും പുതിയ നിക്ഷേപ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രവാസി സമൂഹത്തിന്റെ ശക്തിയെ പ്രയോജനപ്പെടുത്തുന്നതിനും INMECC പ്രതിജ്ഞാബദ്ധമാണ്. കേരളത്തിലെ വ്യവസായ സംഘടനകളും സംരംഭകരും ഈ അവസരം പ്രയോജനപ്പെടുത്തി ആഗോള വിപണിയിലേയ്ക്ക് കൂടുതൽ ശക്തമായി മുന്നേറേണ്ട സമയമാണിത്.

ഗൾഫ് രാജ്യങ്ങളിലെ പ്രവാസി നിക്ഷേപവും ആഗോള ബിസിനസ്സ് ശൃംഖലകളും കേരളത്തിന്റെ വ്യവസായ വളർച്ചയ്ക്ക് കൂടുതൽ കരുത്തേകുന്ന ഒരു പുതിയ കാലഘട്ടത്തിലേയ്ക്ക് നയിക്കുമ്പോൾ, ആ ദൗത്യത്തിന്റെ മുൻനിരയിൽ INMECC അഭിമാനപൂർവ്വം നിലകൊള്ളുന്നു.







SINCE 1984®
CHILTON
we innovate

# ചിൽട്ടൺ റെഫ്രിജറേഷന്റെ അത്യാധുനിക ഡ്യുവൽപർപ്പസ് എയർ കണ്ടീഷണറിന് സി.ഐ.ഐ. ഗ്രീൻപ്രോ പുരസ്കാരം



കേരളം ആസ്ഥാനമായി പ്രവർത്തിക്കുന്ന രാജ്യത്തെ മുൻനിര ഇൻഡസ്ട്രിയൽ പ്രോസസ് ചില്ലർ നിർമാതാക്കളായ ചിൽട്ടൺ റെഫ്രിജറേഷൻ പ്രൈവറ്റ് ലിമിറ്റഡിന് കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (സി.ഐ.ഐ) ഗ്രീൻപ്രോ പുരസ്കാരം. കമ്പനിയുടെ പേറ്റന്റ് നേടിയ ഡ്യുവൽപർപ്പസ് എയർ കണ്ടീഷണറാണ് (ഡി.പി.എ.സി.) പുരസ്കാരത്തിന് അർഹമാക്കിയത്. സുസ്ഥിരമായ നവീകരണം, ഊർജ്ജക്ഷമത, ഭാവി തലമുറയ്ക്കായുള്ള കാലാവസ്ഥാ പരിഹാരമാർഗ്ഗങ്ങൾ എന്നിവയോടുള്ള കമ്പനിയുടെ പ്രതിബദ്ധതയ്ക്കുള്ള അംഗീകാരമാണ് ഈ പുരസ്കാരം.

പൂനെയിൽ നടന്ന ഒൻപതാമത് സി.ഐ.ഐ ഗ്രീൻപ്രോ സമ്മിറ്റിലാണ് പുരസ്കാരം സമ്മാനിച്ചത്. സെൻട്രൽ പൊലൂഷൻസ് കൺട്രോൾ ബോർഡ് റീജിയണൽ ഡയറക്ടർ ശ്രീ പ്രതിക് ഡി ഭർണെയിൽ നിന്ന് ചിൽട്ടൺ റെഫ്രിജറേഷൻ പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ശ്രീ പി.ജി. ചിൽപ്രകാശ് പുരസ്കാരം ഏറ്റുവാങ്ങി. 'ഗ്രീൻ പ്രൊഡക്ട്സ് ഡ്രൈവിംഗ് സർക്കുലർ, ഡീകാർബണൈസ്ഡ് വാല്യൂ ചെയിൻ' എന്ന പ്രമേയത്തിൽ സി.ഐ.ഐ. സംഘടിപ്പിച്ച സമ്മിറ്റിൽ വ്യവസായ പ്രമുഖരും നിയമനിർമാതാക്കളും സുസ്ഥിര വികസന രംഗത്തെ വിദഗ്ധരും പങ്കെടുത്തു.

അത്യാധുനിക വേസ്റ്റ് ഹീറ്റ് റിക്കവറി സംവിധാനത്തിലൂടെ എയർ കണ്ടീഷനിംഗിനൊപ്പം തന്നെ സൗജന്യമായി ചൂടുവെള്ളവും ഉത്പാദിപ്പിക്കുന്ന പേറ്റന്റ് നേടിയ നൂതനാവിഷ്കാരമാണ് ചിൽട്ടണിന്റെ ഡി.പി.എ.സി. കണ്ടൻസറിൽ നിന്നുള്ള താപം അന്തരീക്ഷത്തിലേക്ക് പുറന്തള്ളുന്നതിന് പകരം, അത് വീണ്ടെടുത്ത് അധിക ഊർജ്ജച്ചെലവില്ലാതെ ചൂടുവെള്ളം ഉത്പാദിപ്പിക്കുകയാണ് ചെയ്യുന്നത്.

ഇതിലൂടെ മികച്ച കൂളിംഗിനൊപ്പം 62 ശതമാനം വരെ ഊർജ്ജം ലാഭിക്കാനും അന്തരീക്ഷത്തിലേക്ക് പുറന്തള്ളുന്ന ചൂട് 21 ശതമാനത്തോളം കുറയ്ക്കാനും സാധിക്കും. ദീർഘകാലാടിസ്ഥാനത്തിൽ വൈദ്യുതിച്ചെലവിലുണ്ടാകുന്ന ഈ ലാഭം ഉപഭോക്താക്കൾക്ക് അതിവേഗത്തിലുള്ള നിക്ഷേപ വരുമാനവും ഉറപ്പാക്കുന്നു.

സുസ്ഥിര എച്ച്.വി.എ.സി. സാങ്കേതികവിദ്യയിലെ ചിൽട്ടണിന്റെ മുന്നേറ്റങ്ങൾക്ക് ലഭിച്ച മികച്ച അംഗീകാരമാണിത്.

പരമ്പരാഗത കൂളിംഗ് സംവിധാനങ്ങൾക്ക് പകരം ഊർജ്ജക്ഷമത കൂടിയതും പരിസ്ഥിതി സൗഹൃദ നൂതന പരിഹാരങ്ങൾ വിപണിയിലെത്തിക്കാനുള്ള കമ്പനിയുടെ കാഴ്ചപ്പാടാണ് ഇതിലൂടെ പ്രതിഫലിക്കുന്നത്.

നന്ദിയോടെ,

**ശ്രീജിത്ത് ശശിധരൻ**
**ചിൽട്ടൺ റഫ്രിജറേഷൻസ് പ്രൈവറ്റ് ലിമിറ്റഡ്**

# മുഖ്യമന്ത്രി ശ്രീ. വി.ഡി. സതീശനും വ്യവസായ വകുപ്പ് മന്ത്രി ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിയ്ക്കും KSSIA ഹൃദ്യമായ സ്വീകരണം നല്കി

കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷന്റെ (KSSIA) ആഭിമുഖ്യത്തിൽ തിരുവനന്തപുരം അപ്പോളോ ഡിമോറൊ ഹോട്ടലിൽ സംഘടിപ്പിച്ച പ്രൗഢഗംഭീരമായ ചടങ്ങിൽ വെച്ച് മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശനും, വ്യവസായ വകുപ്പ് മന്ത്രി ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിക്കും ഹൃദ്യമായ സ്വീകരണം നല്കി. അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ശ്രീ. എ. നിസാറുദ്ദീൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ വൈസ് പ്രസിഡന്റ് (സൗത്ത് സോൺ) ശ്രീ. എ. ഫസലുദ്ദീൻ സ്വാഗതം ആശംസിച്ചു.



### കേരളത്തെ മാനുഫാക്ചറിംങ് സംസ്ഥാനമായി മാറ്റും

കേരളത്തെ ഒരു മാനുഫാക്ചറിംങ് സംസ്ഥാനമായി മാറ്റാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങളായിരിക്കും സർക്കാരിന്റേതെന്നു സ്വീകരണ ചടങ്ങിനു നന്ദി പറഞ്ഞുകൊണ്ട് മുഖ്യമന്ത്രി പറഞ്ഞു. സർക്കാർ പ്രഖ്യാപിക്കുന്ന പദ്ധതികൾ അനിശ്ചിതമായി നീണ്ടുപോകുന്ന അവസ്ഥ ഒഴിവാക്കി സമയബന്ധിതമായി പൂർത്തീകരിക്കാൻ വ്യക്തമായ ചട്ടക്കൂട് ഉണ്ടാക്കും. ഉപഭോക്തൃ സമ്പത്ത് വ്യവസ്ഥയിൽ നിന്നും ഉല്പാദന അധിഷ്ഠിത സമ്പത്ത് വ്യവസ്ഥയിലേക്ക് സംസ്ഥാനത്തെ മാറ്റുകയാണ് ലക്ഷ്യം. MSME മേഖലയുടെ വളർച്ചക്ക് പ്രത്യേക ശ്രദ്ധയുണ്ടാകും. എന്റർപ്രണേഴ്സ് സപ്പോർട്ട് സ്കീമിനെ (ESS) സംബന്ധിച്ചുള്ള പരാതികൾ പരിശോധിയ്ക്കും. സാങ്കേതിക വിദ്യകളോടെയുള്ള പുതിയ പ്രോജക്റ്റുകൾക്ക് കൂടുതൽ പ്രാധാന്യം നല്കും. ഭൂപരിഷ്കരണ നിയമങ്ങൾ വ്യവസായ മേഖലയ്ക്ക് അനുകൂലമായി ഭേദഗതി ചെയ്യും. ഇടത്തരം വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കും. KFC മൂലം കുറഞ്ഞ പലിശ നിരക്കിൽ 5 കോടി രൂപ വരെ വായ്പ നല്കുന്ന പദ്ധതി നടപ്പിലാക്കി നിക്ഷേപകരുടെ ബുദ്ധിമുട്ടുകൾ എന്താണെന്നു പരിശോധിക്കാനുള്ള സംവിധാനം ഉണ്ടാകും. ഇവിടെ വ്യക്തമാക്കിയ കാര്യങ്ങൾക്ക് 6 മാസത്തിനുള്ളിൽ തീരുമാനങ്ങൾ എടുക്കും. KSSIA യുമായി വ്യവസായികളുടെ പ്രശ്നങ്ങൾ ചർച്ചചെയ്യും. ഏതുസമയത്തും അസോസിയേഷൻ ഭാരവാഹികൾക്കു തന്നെ കാണാമെന്നും സംരംഭകരുടെ കൂടെയായിരിക്കും ഈ സർക്കാരെന്നും മുഖ്യമന്ത്രി പറഞ്ഞു. വ്യവസായ മേഖലയുടെ പുരോഗതി ലക്ഷ്യം വെച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളായിരിക്കും സർക്കാരിന്റേതെന്നു ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്ത വ്യവസായ വകുപ്പ് മന്ത്രി ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി അറിയിച്ചു. അസോസിയേഷൻ മുൻ സംസ്ഥാന പ്രസിഡന്റും മുൻ എം. എൽ. എ. യുമായ ശ്രീ. വി.കെ.സി. മമ്മദ് കോയ ആശംസ പ്രസംഗം നടത്തി. അസോസിയേഷന്റെ പാരിതോഷികം മുഖ്യമന്ത്രിക്കും വ്യവസായ വകുപ്പ് മന്ത്രിയ്ക്കും സംസ്ഥാന പ്രസിഡന്റ് ശ്രീ. എ. നിസാറുദ്ദീൻ നല്കി. 2026 MSME പുരസ്ക്കാര അവാർഡ് പവിഴം മാനേജിംഗ് ഡയറക്ടർ ശ്രീ.എൻ.പി. ആന്റണി, ശ്രീ. എൻ.കെ. നസറുദ്ദീൻ മാനേജിംഗ് ഡയറക്ടർ എം.കെ. എൻ. ബ്രിക്സ് ആന്റ് ഗ്ലൂ മെറ്റർ പ്രൈവറ്റ് ലിമിറ്റഡ്, ശ്രീ. രാജേഷ് കുമാർ, മാനേജിംഗ് ഡയറക്ടർ സമുദ്ര വാട്ടർ സൊലൂഷൻസ് ശ്രീ. അനിൽകുമാർ, മാനേജിംഗ് ഡയറക്ടർ സെപിയ കോർപ്പറേറ്റ് ഗിഫ്റ്റ്സ് മെമന്റോ, എന്നിവർക്ക് പ്രസ്തുത ചടങ്ങിൽ വെച്ച് മുഖ്യമന്ത്രി നല്കി. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എൻ.കെ.എസ്. ഉമേഷ് ഐ.എ.എസ്., വൈസ് പ്രസിഡന്റുമാരായ ശ്രീ. പി. ജെ. ജോസ് (സെൻട്രൽ സോൺ), ശ്രീ. സുനിൽനാഥ് (നോർത്ത് സോൺ), സംസ്ഥാന ട്രഷറർ ബി. ജയകൃഷ്ണൻ, സെക്രട്ടറിമാരായ ശ്രീ. കെ.വി. അൻവർ (നോർത്ത് സോൺ), എം.എം. മുജീബ് റഹ്മാൻ (സെൻട്രൽ സോൺ), എം. എസ്. അനസ് (സൗത്ത് സോൺ), മുൻ പ്രസിഡന്റ് കെ.പി. രാമചന്ദ്രൻ നായർ, KSSIA ന്യൂസ് ചീഫ് എഡിറ്റർ എസ്. സലിം, എന്നവരുടെ മഹനീയ സാന്നിധ്യത്തിലായിരുന്നു പ്രസ്തുത ചടങ്ങ്. ജനറൽ സെക്രട്ടറി ശ്രീ. ജോസഫ് പൈകട നന്ദി പറഞ്ഞു.

# സംസ്ഥാന - ജില്ലാ വാർത്തകൾ



കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷന്റെ (കെ.എസ്.എസ്.ഐ.എ.) ആഭിമുഖ്യത്തിൽ തിരുവനന്തപുരം അപ്പോളോ ഡിമോറയിൽ നടന്ന MSME അവാർഡ് ദാനചടങ്ങ് ഉത്ഘാടനം നിർവഹിച്ച മുഖ്യമന്ത്രി ശ്രീ. വി.ഡി. സതീശൻ, വ്യവസായ വകുപ്പ് മന്ത്രി ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി എന്നിവർക്ക് ഉപഹാരം നല്കി ആദരിക്കുന്ന സംസ്ഥാന പ്രസിഡന്റ് ശ്രീ. എ. നിസാറുദ്ദീൻ, കെ.എസ്.എസ്.ഐ.എ. സൗത്ത് സോൺ വൈസ് പ്രസിഡന്റ് ശ്രീ. എ. ഫസലുദ്ദീൻ, കെ.എസ്.എസ്.ഐ.എ. മുൻ പ്രസിഡന്റും എക്സ് എം.എൽ.എ.യുമായ ശ്രീ. വി.കെ.സി. മമ്മദ് കോയ, മുഖ്യമന്ത്രിയുടെ അഡീഷണൽ സെക്രട്ടറി ശ്രീ. എൻ. എസ്. കെ. ഉമേഷ് ഐ. എ. എസ്. തുടങ്ങിയവർ സമീപം.




കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷന്റെ (കെ.എസ്.എസ്.ഐ.എ.) യുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം അപ്പോളോ ഡിമോറയിൽ വെച്ച് നടന്ന സ്വീകരണ ചടങ്ങിൽ മുഖ്യമന്ത്രി ശ്രീ. വി.ഡി. സതീശൻ നന്ദി പറഞ്ഞുകൊണ്ട് സംസാരിക്കുന്നു. വ്യവസായ വകുപ്പ് മന്ത്രി ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി, സംസ്ഥാന പ്രസിഡന്റ് ശ്രീ. എ. നിസാറുദ്ദീൻ, ജനറൽ സെക്രട്ടറി ശ്രീ. ജോസഫ് പൈകട, സൗത്ത് സോൺ വൈസ് പ്രസിഡന്റ് ശ്രീ. എ. ഫസലുദ്ദീൻ, മുഖ്യമന്ത്രിയുടെ അഡീഷണൽ സെക്രട്ടറി ശ്രീ. എൻ.എസ്.കെ. ഉമേഷ് ഐ.എ.എസ്., വ്യവസായ വാണിജ്യ ഡയറക്ടർ ശ്രീ. അരുൺ കെ. വിജയൻ ഐ.എ.എസ്. തുടങ്ങിയവർ സമീപം.




KSSIA പാലക്കാട് ജില്ലാ വാർഷിക പൊതുയോഗം സംസ്ഥാന പ്രസിഡന്റ് ശ്രീ. എ. നിസാറുദ്ദീൻ ഉത്ഘാടനം ചെയ്തു. മീറ്റിംഗിൽ പാലക്കാട് ജില്ലാ കളക്ടർ ശ്രീ. സുധീർ കെ. IAS, District Industries Centre General Manager ശ്രീ. ബെനഡിക്ട് വില്യംസ്, പാലക്കാട് ജില്ലാ പ്രസിഡന്റ് ശ്രീ. കെ. ദേവദാസ്, ജില്ലാ സെക്രട്ടറി ശ്രീ. സുനിൽ ജോസഫ്, സെൻട്രൽ സോൺ വൈസ് പ്രസിഡന്റ് ശ്രീ. പി.ജെ. ജോസ്, എന്നിവർ വേദിയിൽ.




കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷന്റെ (കെ. എസ്. എസ്. ഐ. എ.) പതിനെട്ടാമത് സംസ്ഥാന കമ്മിറ്റി യോഗത്തിൽ സെൻട്രൽ സോൺ വൈസ് പ്രസിഡന്റ് ശ്രീ. പി.ജെ. ജോസ് സംസാരിക്കുന്നു. സംസ്ഥാന പ്രസിഡന്റ് ശ്രീ. എ. നിസാറുദ്ദീൻ, ജനറൽ സെക്രട്ടറി ശ്രീ. ജോസഫ് പൈകട, ട്രഷറർ ശ്രീ. ബി. ജയകൃഷ്ണൻ, സൗത്ത് സോൺ വൈസ് പ്രസിഡന്റ് ശ്രീ. എ. ഫസലുദ്ദീൻ, നോർത്ത് സോൺ വൈസ് പ്രസിഡന്റ് ശ്രീ. എ.വി. സുനിൽനാഥ് തുടങ്ങിയവർ സമീപം.




കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷന്റെ (കെ.എസ്.എസ്.ഐ.എ.) പതിനെട്ടാമത് സംസ്ഥാന കമ്മിറ്റി യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ശ്രീ. എ. നിസാറുദ്ദീൻ സംസാരിക്കുന്നു. ജനറൽ സെക്രട്ടറി ശ്രീ. ജോസഫ് പൈകട, ട്രഷറർ ശ്രീ. ബി. ജയകൃഷ്ണൻ, നോർത്ത് സോൺ പ്രസിഡന്റ് ശ്രീ. പി.ജെ. ജോസ്, എക്സ്. എം.എൽ.എ. ശ്രീ. വി.കെ.സി മമ്മദ് കോയ, നോർത്ത് സോൺ വൈസ് പ്രസിഡന്റ് ശ്രീ. എ.വി. സുനിൽനാഥ് തുടങ്ങിയവർ സമീപം.



കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷൻ തിരുവനന്തപുരം ജില്ലാ യൂണിറ്റിന്റെ നേതൃത്വത്തിൽ 05/08/2026 ന് സംഘടിപ്പിച്ച ജില്ലാ വ്യവസായ സംഗമം സംസ്ഥാന ആരോഗ്യ, ദേവസ്വം വകുപ്പ് മന്ത്രി ശ്രീ. കെ. മുരളീധരൻ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് ശ്രീ.എ. ഫസലുദ്ദീൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ സ്റ്റേറ്റ് പ്രസിഡന്റ് ശ്രീ. എ. നിസാറുദ്ദീൻ, സ്റ്റേറ്റ് ജനറൽ സെക്രട്ടറി ശ്രീ. ജോസഫ് പൈകട, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീ. ദിനേശ് എന്നിവർ പങ്കെടുത്തു. തുടർന്ന് ചടങ്ങിൽ ജില്ലാ പ്രസിഡന്റ് മന്ത്രിയെ പൊന്നാട അണിയിച്ചും മെമന്റോ നല്കിയും ആദരിച്ചു.

# സംസ്ഥാന – ജില്ലാ വാർത്തകൾ




കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ തിരുവനന്തപുരം ജില്ലാ യൂണിറ്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ജില്ലാ വ്യവസായി സംഗമം ആരോഗ്യ ദേവസ്വം വകുപ്പ് മന്ത്രി ശ്രീ. കെ. മുരളീധരൻ ഉത്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് ശ്രീ. എ. ഫസലുദ്ദീൻ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന പ്രസിഡന്റ് ശ്രീ. എ. നിസാറുദ്ദീൻ, ജനറൽ സെക്രട്ടറി ശ്രീ. ജോസഫ് പൈകട, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീ. ആർ. ദിനേശ്, ശ്രീ. സി.എസ്. പ്രദീപ് കുമാർ, ശ്രീ. ജയമോഹൻ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.




കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ കൊല്ലം ജില്ലാ വാർഷിക പൊതുയോഗം തൊഴിൽ, ശിശുക്ഷേമ വകുപ്പ് മന്ത്രി ശ്രീമതി. ബിന്ദു കൃഷ്ണ ഉത്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് ശ്രീ. എം. ജവഹർ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.ഐ.എ. സംസ്ഥാന പ്രസിഡന്റ് ശ്രീ. എ. നിസാറുദ്ദീൻ, ജില്ലാ കളക്ടർ ശ്രീമതി ആനി ജൂല തോമസ് ഐ.എ.എസ്., കൊല്ലം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ എസ്. അജിത്, ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കെ. എസ്. ശിവകുമാർ, അസോസിയേഷൻ മുൻ സംസ്ഥാന പ്രസിഡന്റ് കെ.പി. രാമചന്ദ്രൻ നായർ, ചീഫ് എഡിറ്റർ എസ്. സലിം എന്നിവർ പങ്കെടുത്തു.



കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ പത്തനംതിട്ട ജില്ലാ യൂണിറ്റിന്റെ വാർഷിക പൊതുയോഗവും, തിരഞ്ഞെടുപ്പും, കുടുംബസംഗമവും സംസ്ഥാന പ്രസിഡന്റ് ശ്രീ. എ. നിസാറുദ്ദീൻ ഉത്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് ശ്രീ. റെജി വി. സാമുവേൽ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ശ്രീ. ജോസഫ് പൈകട, സംസ്ഥാന ട്രഷറർ ബി. ജയകൃഷ്ണൻ, സൗത്ത് സോൺ വൈസ് പ്രസിഡന്റ് ശ്രീ. എ. ഫസലുദ്ദീൻ, മുൻ സംസ്ഥാന പ്രസിഡന്റ് ശ്രീ. ജോൺ കെ. മാത്യൂസ്, വ്യവസായ വകുപ്പ് ജനറൽ മാനേജർ ഇൻ ചാർജ്ജ് ശ്രീ. അനീഷ് മാനുവൽ എന്നിവർ സന്നിഹിതരായിരുന്നു.



കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ പത്തനംതിട്ട ജില്ലാ യൂണിറ്റിന്റെ ഉപഹാരം സംസ്ഥാന പ്രസിഡന്റ് ശ്രീ. എ. നിസാറുദ്ദീന് നല്കി ആദരിക്കുന്നു.




കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ കോഴിക്കോട് ജില്ലാ കമ്മിറ്റി വാർഷിക പൊതുയോഗം കെ.എസ്.എസ്.ഐ.എ. മുൻ സംസ്ഥാന പ്രസിഡന്റും എക്സ്. എം.എൽ.എ. യുമായ ശ്രീ. വി.കെ.സി. മമ്മദ് കോയ ഉത്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് ശ്രീ. ഇസ്ഹാഖ് കളത്തിങ്കൽ അധ്യക്ഷത വഹിച്ചു. നോർത്ത് സോൺ വൈസ് പ്രസിഡന്റ് ശ്രീ. എ.വി. സുനിൽനാഥ്, ചീഫ് റിട്ടേണിങ് ഓഫീസർ അഡ്വ. കെ.പി. മനോജ് എന്നിവർ പങ്കെടുത്തു.



കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ (കെ.എസ്.എസ്.ഐ.എ.) കാസറഗോഡ് ജില്ല വാർഷിക ജനറൽബോഡിയും ആധുനീക രീതിയിൽ നവീകരിച്ച ബോർഡ് റൂം ഉദ്ഘാടനവും ജില്ലാ കലക്ടർ ശ്രീ അർജുൻ പാണ്ഡ്യൻ ഐ.എ.എസ്. നിർവഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ ജോസഫ് പൈകട മുഖ്യ പ്രഭാഷണം നടത്തി. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീ കെ. സജിത് കുമാർ മുഖ്യാതിഥിയായിരുന്നു.

KSSiA NEWS
വ്യവസായ മാസിക
www.kssia.com
kssianews@gmail.com e-magazine



# നിങ്ങളെ അറിയാത്തവർ ഇനിയും ഉണ്ടോ?

## KSSIA - യിൽ പറയൂ

[www.kssia.com | kssianews@gmail.com
e-magazine



**Cover (PREMIUM PAGES)**

Front Page Bottom (Colour); **Rs.18,000/-**

Full Back Page (Colour); **Rs.20,000/-**



**Cover (INSIDE PAGES)**

Full Back Page Inside (Colour); **Rs.15,000/-**

Full Front-Page Inside (Colour); **Rs.15,000/-**



**Inside (PARTIAL PAGES)**

Full Page inside (Colour); **Rs.13,500/-**

Half Page Inside (Colour); **Rs.7,500/-**

Quarter Page Inside (Colour); **Rs.4,500/-**



ഇന്നു തന്നെ വിളിക്കൂ

**+91 94963 60300**

Rates are excluding GST. GST extra at applicable rate.

KSSiA
THE KERALA STATE SMALL INDUSTRIES ASSOCIATION

25th August, 2026, Kalamassery
Regn. No. KERBIL/2005/23143
KSSiA NEWS
Journal of The Kerala State Small Industries Association
Price ₹ 5.00




Publisher **A.Nizarudeen** and Printer Rajesh G. on behalf of The Kerala State Small Industries Association (KSSIA), X/26 A, HMT Industrial Estate, HMT Colony P.O., Kalamassery - 683 503, Phone: 94477 10078, Email: kssiastate@gmail.com, and Printed at Rajsree Industrial Printer, Edayar, Muppathadam, Ernakulam. Ph: 98957 03837 and published at HMT Industrial Estate, Kalamassery, Ernakulam District. Editor: S. Salim.